പുസ്തകം ൩ ലക്കം ൧൨

൧൮൯൬ ഡിസെമ്പർ

മലങ്കര

ഇടവക പത്രിക

മാസം തോറും പ്രസിദ്ധപ്പെടുത്തുന്നതു.



നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിങ്കലല്ലാതെ

പുകഴ്ച ചെയ്യുവാൻ സംഗതി വരരുതു.

(മാർ പൌലൂസ.)

സംഗതിവിവരങ്ങൾ.

നോട്ടീസ്

“സുറിയാനി ഭാഷാചരിത്ര സംക്ഷേപം.” എന്ന പുസ്തകത്തിന്റെ കാൎയ്യം വിലവച്ചിരുന്നതിനെക്കാൾ ൬ ചക്രം കുറച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

മ. ഇ. പ. മാനേജർ

ഒരു കത്തോലിക്കാസുറിയാനിക്കാരന്റെ വിലാപങ്ങൾ “അൎത്ഥാഗ്രഹകാരം.” എന്നൊരു പുസ്തകം അച്ചടിച്ചു തയ്യാറായിരിക്കുന്നു.

വില ചക്രം ൪.

വൃശ്ചികമാസത്തിൽ പത്രവരി അടച്ച മാന്യന്മാരുടെ പേരു വിവരം (തുടൎച്ച)

	[illegible]	രൂ	ണ	പൈ
ബ. കാരക്കുന്നേൽ വൃക്കന്നേൽ അച്ചൻ	,,	൧	൧൨	൮
ബ. ,, [illegible] അച്ചൻ	,,	൧	൧൨	൮
[illegible] ബ. [illegible] അച്ചൻ	,,	൨	൦	൦
[illegible] ബ. [illegible] മാത്തു കത്തനാർ	,,	൧	൧൨	൮
ബ. [illegible] പള്ളിയിൽനിന്നും		൧	൧൨	൮
ബ. [illegible] പള്ളിയിൽനിന്നും		൧	൧൨	൮
ബ. [illegible] പള്ളിയിൽനിന്നും		൧	൦	൦
ബ. [illegible] പള്ളിയിൽനിന്നും		൧	൧൨	൮
ബ. [illegible] പള്ളിയിൽനിന്നും		൧	൧൨	൮
[illegible] കെ. റി. [illegible] വക്കീൽ		൦	൧൪	൮
,, റി. കെ. [illegible] വക്കീൽ		൦	൧൦	൦
[illegible]	അവർകൾ	൨	൦	൦
,, [illegible]	,,	൧	൦	൦
,, [illegible]	,,	൧	൧൨	൮
,, [illegible]	,,	൧	൦	൦
,, [illegible] വൈദ്യൻ	,,	൨	൦	൦
[illegible]	,,	൧	൧൪	൦
,, [illegible]	,,	൧	൧൨	൮
ബ. [illegible] പള്ളിയിൽനിന്നും		൧	൧൨	൮
[illegible]	,,	൧	൧൪	[illegible]
[illegible]	,,	൧	൧൪	൦
[illegible]	,,	൧	൧൪	൦

മലങ്കര ഇടവക പത്രിക

പുസ്തകം ൫] ൧൧൨൫ ൧൯൪൯ ക്രി. (ധനു) [ലക്കം ൧൨

മംഗളം

നന്നായെന്നെബ്ഭജിക്കുന്നവരുടെ ദുരിതം നീക്കി നന്നാക്കിയേററം
മിന്നീടും സൽഗുണശ്രീ പരമുതകി ഭരിച്ചീടുമെന്നിപ്രകാരം
സന്ദേഹം വിട്ടു കല്പിച്ചൊരു സകലകലാ നാഥനാമേശു ദേവം
വന്നീടാതെ തരട്ടേ മഹിമ പരമെഴും നന്മ നമ്മൾക്കു മേന്മേൽ

നടയ്ക്കൽ പി. വർക്കി

യെൽദൊ

(ക്രിസ്തുമസ്)

ഇരുപത്തഞ്ചു നോമ്പ് എന്നു സാധാരണ പറഞ്ഞുവരുന്ന നമ്മുടെ കർത്താവിന്റെ ജനനനാളിന്റെ ഒരുക്കമായ ഉപവാസം അവസാനിക്കുന്ന ൧൨-ം മാസം ഇരുപത്തഞ്ചാം തീയതിയാണല്ലൊ 'യെൽദൊ' അല്ലെങ്കിൽ ഇംഗ്ലീഷിൽ 'ക്രിസ്തുമസ്' എന്നു വിളിക്കപ്പെടുന്ന പ്രധാന പെരുനാൾ. സുറിയാനി സഭയിൽ ഞായറാഴ്ച എന്നപോലെ എല്ലാ വിഷയത്തിലും ശാബതയായി ആചരിക്കേണ്ട ചില പ്രത്യേക പെരുനാളുകൾ ഉണ്ടു. അവ 'മാറാനായ' (കർത്താവിന്നടുത്ത) പെരുനാൾ എന്നു വിളിക്കപ്പെടുന്നു. ഇവയിൽ ഒന്നാണ യെൽദൊ പെരുനാൾ.

ഇതു നമ്മാൽ എന്നു മാത്രമല്ല ലോകത്തിലുള്ള എല്ലാവക ക്രിസ്ത്യാനികളാലും പ്രധാനമായി എണ്ണപ്പെട്ടിരിക്കുന്നതും അസാമാന്യ സന്തോഷപൂർവ്വം ആചരിക്കപ്പെടുന്നതുമായ ഒരു ദിവസം ആകുന്നു. മലയാളികൾ മിച്ചധനമെല്ലാം ചിലവുചെയ്തിട്ടും ഓണം ഘോഷിക്കുന്നതുപോലെ യൂറൊപ്യന്മാർ ക്രിസ്തുമസ് ദിവസത്തെ ആഘോഷിക്കുന്നതിനു വളരെ ധനവ്യയം ചെയ്തുവരുന്നുണ്ട. സുറിയാനിക്കാർ അത്രയൊന്നും ചെയ്യുന്നില്ലെങ്കിലും അവരും ഈ ദിവസം കഴിയുംമട്ടു കേമമാക്കുവാൻ ശ്രമിക്കാതിരിക്കുന്നില്ല.

എന്നാൽ ഈ കാലത്തു എല്ലാവക ക്രിസ്ത്യാനികളും പെരുനാളുകളെ സഭയുടെ ആദ്യ നിശ്ചയത്തിൻെറ ഉദ്ദേശ്യങ്ങൾക്കു അനുരൂപമല്ലാത്തവിധത്തിൽ ആക്കിയിട്ടുണ്ടെന്നു പറവാൻ സംശയമില്ല. സഭയിൽ പെരുനാളുകളെ നിശ്ചയിച്ചതിൻെറ ഉദ്ദേശ്യം ആ ദിവസങ്ങളെ സഭാമക്കൾ ലൌകികത്തിൽനിന്നു ദൈവികത്തിലെക്കു പകൎത്തി നമ്മുടെ രക്ഷയ്ക്കു ഉപയുക്തമായ വിധത്തിൽ നടക്കണമെന്നാകുന്നു. യൂറൊപ്യന്മാരായാലും നാട്ടുകാരായാലും സുറിയാനിക്കാരനായാലും ഇംഗ്ലീഷുകാരനായാലും ഏവനും ആത്മാവിൻെറ പുഷ്ടികത്തിനും ഒരുക്കത്തിനും വേണ്ടി വ്യവസ്ഥപ്പെടുത്തിയിരിക്കുന്ന ആ വാരങ്ങളെ ജഡങ്ങളുടെ പൂരണത്തിനും മോഹങ്ങളുടെ തൃപ്തിക്കും പ്രവൃത്തിപ്പിക്കുന്നവയാക്കിയിരിക്കുന്നു എന്നു വ്യസനപൂൎവ്വം പറയെണ്ടിയിരിക്കുന്നു. ഇതിലെക്കു ദൃഷ്ടാന്തമായി 'യെൽദൊ' (ക്രിസ്തുമസ്) തന്നെ പറയാം.

ഇതു നമ്മുടെ രക്ഷകൻ ലോകരക്ഷക്കുവേണ്ടി പാവപ്പെട്ട ഒരു കന്യകയിൽ നിന്നു തുലൊം ഹീനാവസ്ഥയിൽ പുൽക്കൂട്ടിൽ ജനിക്കയും ലൌകിക കണ്ണുകളിൽ ഹീനമായിരുന്നാലും യഥാൎത്ഥത്തിൽ അതു മഹത്വമാണെന്നു ദൈവദൂതന്മാരുടെ സംഘത്താൽ വെളിപ്പെടുത്തി കാണിക്കയും ചെയ്തു സംഭവങ്ങളുടെ സ്മാരകമാകുന്നു. അഖിലാണ്ഡ സ്രഷ്ടാവായ വചനമാം ദൈവം തൻെറ തലയെ ചായിപ്പാൻ ഒരു സുഖകരമായ സ്ഥലം ഇല്ലാത്തതു പോലെ ഒരു പുൽക്കൂട്ടിൽ ഇതാ കിടക്കുന്നു. സൎവ്വമനുഷ്യരെയും മൃഗങ്ങളെയും പക്ഷിമത്സ്യാദികളെയും സമയാസമയങ്ങളിൽ ഭക്ഷണം കൊടുത്തു പുലൎത്തുന്ന മഹാൻ ഇതാ ഒരു യുവതിയുടെ മുലപ്പാലിനാൽ പോററപ്പെടുന്നു. മഹാമേരുവിനെ അമ്മാനമാടുവാൻ തക്ക ശക്തനായ മല്ലൻ ഒരു സ്ത്രീയുടെ മാൎവ്വിൽ അവളുടെ കൈകളാൽ വഹിക്കപ്പെടുന്നു. ആകാശങ്ങളെ തിരശ്ശീല കണക്കെ വിരിക്കുന്നവനായവൻ ഇതാ കീററുശീലയാൽ പൊതിയപ്പെടുന്നു. അനാദ്യനും നിത്യനുമായവൻ അനിത്യനെന്നു തോന്നിക്കുന്നു. ഇതൊക്കയും എന്തിനായിട്ടാണ്. ജീവൻെറയും രക്ഷയുടെയും വഴി നമുക്കു കാണിച്ചുതരുന്നതിനും ലോകത്തോടു കോപിച്ചിരുന്ന പിതാവായ ദൈവത്തെ പാപം കൂടാത്ത ജീവിതത്താൽ തൃപ്തിപ്പെടുത്തി സകല മനുഷ്യരുടെയും പാപങ്ങളെ തൻെറമെൽ വഹിച്ചു പരിഹാരം ഉണ്ടാക്കുന്നതിനും മാത്രം ആകുന്നു. താൻ പാപം ചെയ്തിട്ടില്ലാ പാപത്തിൻെറ നിഴൽപൊലും തന്നെ തീണ്ടിയിട്ടില്ല. താൻ പിതാവായ ദൈവത്തിൻെറ ഓമനമകൻ ആയിരുന്നു. സ്വൎഗ്ഗത്തിൽ ലക്ഷോലക്ഷം മാലാഖമാർ തനിക്കു ശുശ്രൂഷ ചെയ്യുന്നു. എന്നിട്ടും കൃമികളായ മനുഷ്യർ തൻെറ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ശേഷം പിശാചിൻെറ കണിയിൽ അകപ്പെട്ടിട്ടു തന്നത്താൻ രക്ഷിപ്പാൻ പാടില്ലാത്തവണ്ണം അകപ്പെട്ടുകിടക്കുന്നതിനെ കണ്ടപ്പൊൾ തനിക്കു സഹിച്ചുകൂടാത്ത വ്യസനമായി. സ്വൎഗ്ഗത്തിലെ സുഖങ്ങൾ തനിക്കു നിസ്സാരമെന്നു തോന്നി. ദൈവദൂതന്മാരുടെ ശുശ്രൂഷകൾ തനിക്കു അനിഷ്ടമായിതീൎന്നു. തൻെറ സൃഷ്ടികൾ പാപത്തിലും പിശാചിൻെറ അടിമയിലും ഉഴലുന്നതിനെ കണ്ടിട്ടു മൌനമായിരിക്കു

ന്നതിനെക്കാൾ തന്റെ പരമഭാഗ്യങ്ങളെ വെടിയുന്നതു മഹാഭാഗ്യമായി താൻ വിചാരിച്ചു. മനുഷ്യകണ്ണാൽ കണ്ടിട്ടില്ലാത്തതും ചെവിയാൽ കേട്ടിട്ടില്ലാത്തതും ഹൃദയത്താൽ സങ്കല്പിച്ചിട്ടില്ലാത്തതുമായ ആ പരമാനന്ദ അവസ്ഥയിലെക്കു നമ്മെയുംകൂടെ കൊണ്ടുചെല്ലണമെന്നുള്ള ആ വാഞ്ഛ, ആ മഹാസ്നേഹംതന്നെ തന്നെ നിർബ്ബന്ധിച്ചിട്ടു താൻ ദൈവഛായയെ വെടിഞ്ഞു ഹീനമുള്ള മനുഷ്യഛായയെ ധരിച്ചു. സ്നേഹം, താഴ്മ എന്നീ രണ്ടുവലിയ പാഠങ്ങൾ നമ്മെ പഠിപ്പിച്ചു.

ആകയാൽ ഇപ്രകാരമുള്ള ഒരു വലിയ സംഭവത്തിന്റെ ഓർമ്മയ്ക്കായി ൟ പെരുനാൾ ആചരിക്കുവാൻ ശുദ്ധ സഭ നമ്മോടു കല്പിച്ചിരിക്കുന്നതിന്റെ ഉദ്ദേശങ്ങൾ (൧) നാം നമ്മെ രക്ഷിച്ച കർത്താവിനെ നോക്കി തന്റെ കൃപകൾക്കുവേണ്ടി ഉയരത്തിലെ ദൈവത്തിനു സ്തുതി ഭൂമിയിൽ സമാധാനം മനുഷ്യർക്കു നല്ലശരണം എന്നു ദൂതഗണങ്ങൾ പാടി മഹത്വപ്പെടുത്തിയതുപോലെ തന്നെ മഹത്വപ്പെടുത്തുകയും വന്ദിക്കയും ചെയ്ക. (൨) താൻ ലംഘനക്കാരും പാപികളും ശത്രുക്കളുമായ നമ്മെ ഏതുപ്രകാരം സ്നേഹിച്ചുവോ അതുപോലെ നാമും ദൈവത്തോടും പരസ്പരം മനുഷ്യരോടും സ്നേഹമുള്ളവരായിരിക്കണമെന്നു അറിഞ്ഞു പ്രവൃത്തിക്ക (൩) നമ്മുടെ രക്ഷകാരൻ ഏതുപ്രകാരം തന്റെ മഹത്വത്തെ വെടിഞ്ഞു തന്നത്താൻ താഴ്ത്തിയൊ അപ്രകാരം നാമും താഴ്മയായിരിക്ക. (൪) ക്രിസ്തൻ പിശാചിനെയും ലോകത്തെയും ജയിച്ചു പാപത്തിൽനിന്നു സ്വാതന്ത്ര്യനായി ജീവിച്ചതുപോലെ നാമും ജഡമോഹങ്ങളെ ഉപേക്ഷിച്ചു നീതിയിൽ ജീവിക്ക ഇത്യാദികൾ ആകുന്നു. രക്ഷകന്റെ ൟ നടപടികളെക്കുറിച്ചു നാം ധ്യാനിക്കയും അവയെ കണ്ടുപഠിച്ചു പ്രവൃത്തിക്കയും ചെയ്യുന്നതാണ നമ്മുടെ ചുമതല. ഇതിനായിട്ടാണ ൟ ഉത്സവം ഏർപ്പെടുത്തിയിരിക്കുന്നതും. എങ്കിലും ഇപ്പോൾ ക്രിസ്ത്യാനികളുടെ നടപടി എന്താണെന്നു വിചാരിക്കാം.

മദ്യം സേവിക്കാത്തവനും ൟ ദിവസത്തിൽ അല്പമെങ്കിലും സേവിക്കുന്നതു ദൈവേഷ്ടമായി വിചാരിക്കുന്നു. സ്വഭാവത്താൽ ഉള്ള ബോധത്തെ ലഹരികൊണ്ടു മൂടുന്നതിനു തിരുസഭ അനുവദിച്ചിരിക്കുന്ന ഒരു ദിവസമായി ഇതിനെക്കുറിച്ചു വിചാരിക്കുന്നു. ദേവാലയത്തിലും ഭവനത്തും ദിവ്യാരാധനയിലും ദൈവിക ധ്യാനങ്ങളിലും വ്യയം ചെയ്യേണ്ടിയ സമയങ്ങൾ വിരുന്നു ഒരുക്കത്തിനും അതിഭക്ഷണത്തിനും പ്രത്യേകിച്ചു വേർതിരിക്കപ്പെട്ട കാലമായി വിചാരിച്ചു പെരുമാറുന്നു. പരസ്പരസ്നേഹം വർദ്ധിപ്പിക്കുന്നതിനു നിയമിച്ചിരിക്കുന്ന ദിവസത്തെ അടികലശലിനാൽ ബഹുമാനിക്കുന്നു. ആത്മീക കീർത്തനങ്ങളാലും സ്തുതികളാലും കഴിച്ചുകൂട്ടേണ്ട നാളിനെ പാപം കലർന്ന കളിവിനോദങ്ങൾക്കായി പകർത്തുന്നു. ചുരുക്കി പറഞ്ഞാൽ ദൈവത്തിന്റെ പ്രീതിയെ സമ്പാദിക്കുവാൻ വിശേഷമാർഗ്ഗമായി വച്ചിരിക്കുന്ന ഏർപ്പാടു തന്റെ കോപത്തെ വർദ്ധിപ്പിക്കുന്ന പ്രവൃത്തികളാലത്രെ ആഘോഷിക്കപ്പെടുന്നതു. ഇതു സുറിയാനിക്കാരെക്കുറിച്ചു മാത്രമായി നാം പറകയല്ല. എല്ലാവക ക്രിസ്ത്യാനികളുടെയും നടത്ത ഇപ്രകാരമാകുന്നു. വെള്ളക്കാർ തന്നെ വ

സിക്കുന്ന ദിക്കുകളിലെ കഥ പറകയെന്നു വച്ചാൽ ഇതിൽ ശതമടങ്ങു പറവാനുണ്ട്.

ഇങ്ങനെ പറയുന്നതുകൊണ്ടു ഈ ദിവസങ്ങളിൽ യാതൊരാഘോഷങ്ങളും പാടില്ലെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നതായി ആൎക്കും തോന്നരുതെ. പാപംകൂടാത്തതായ സന്തോഷവും ആഘോഷവും ആവശ്യമാകുന്നു. ആത്മാവു മരിച്ചിട്ടു ജഡം സന്തോഷിക്കാതെ ആത്മാവിലും ജഡത്തിലും സന്തോഷിക്കുന്നതു നല്ലതാണ. പെരുനാളുകൾ ക്രിസ്ത്യാനിസഭയിൽ പുതുതായി ഏൎപ്പെടുത്തപ്പെട്ടവയല്ല. യെഹൂദ സഭയിലും മോശയുടെ ന്യായപ്രമാണ കാലം മുതൽ ഉത്സവങ്ങളും ആഘോഷങ്ങളും പ്രത്യേകിച്ചു ഏൎപ്പെടുത്തിയിട്ടുണ്ടായിരുന്നു. നൃത്തങ്ങളും സന്തോഷങ്ങളും സംഗീതങ്ങളും അവൎക്കു നിയമിച്ചിട്ടുണ്ടായിരുന്നു.

അതിനാൽ പ്രിയവായനക്കാരെ നമ്മുടെ ക്രിസ്തുമസിനെയും മറ്റുള്ള പെരുനാളുകളെയും ദൈവത്തിന്റെ മഹത്വത്തിനായിട്ടും നമ്മുടെ ആത്മാക്കളുടെ രക്ഷയ്ക്കായിട്ടും ആഘോഷിക്കാം. പാപത്തിനു ഇടകൊടുക്കരുതു. ക്രിസ്തു ഈ ദിവസം നമ്മെ ഏതുപ്രകാരം സ്നേഹിച്ചുവൊ അപ്രകാരം നാമും ദൈവത്തെയും മനുഷ്യരെയും സ്നേഹിക്കാം. ഏതുപ്രകാരം താഴാഴ്മയെ കാണിച്ചുതന്നുവൊ അപ്രകാരം നാമും താഴ്മയുള്ളവരായിരിക്കാം. അവനെപ്പൊലെ നാമും പാപത്തെ കീഴ്പെടുത്തുവാൻ ശ്രമിക്കാം. താൻ ജീവിച്ചതുപൊലെ നാമും ആത്മാവിൽ ജീവിക്കാം. കടശി നമ്മുടെ പാപങ്ങളെക്കുറിച്ചു നുറുങ്ങിയ ഹൃദയത്തോടു കൂടി അനുതപിച്ചു "മെല്ലട്ട ഉയരങ്ങളിൽ സ്വൎഗ്ഗത്തിലെ മാലാഖമാർ സ്തുതിക്കുന്നതുപൊലെ" ബലഹീനന്മാരും പാപികളുമായ നാമും സ്തുതിച്ചു "ഉയരങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സമാധാനം മനുഷ്യരിൽ സംപ്രീതി" എന്നു ആകാശസൈന്യങ്ങളോടു കൂടി അട്ടഹാസിച്ചു നമുക്കു ദൈവപുത്രനെ മഹത്വപ്പെടുത്താം.

കുറ്റങ്ങളെ ക്ഷമിക്കുക.

"ക്രിസ്തുയേശുവിലുണ്ടായിരുന്ന ഈ ചിന്തതന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ"

"അപ്പോൾ യേശു പിതാവെ ഇവർ ചെയ്യുന്നതു ഇന്നതെന്നു അറിയായ്ക്കകൊണ്ടു ഇവരോടു ക്ഷമിച്ചുകൊള്ളേണമെ എന്നു പറഞ്ഞു"- ലൂക്കൊ- ൨൩ അ- ൩൪ വാ-

തങ്ങൾക്കു ഇഷ്ടമുള്ളവൎക്കു ഉപകാരം ചെയ്യുന്നതിനായി മരണകരമായ കഷ്ടതകൾ മനുഷ്യർ ചിലപ്പോൾ അനുഭവിക്കാറുണ്ടു. നമ്മുടെ രക്ഷിതാവൊ തന്റെ മരണകഷ്ടതയിൽ തന്റെ ശത്രുകൾക്കു വേണ്ടി പ്രാൎത്ഥിച്ചു. തന്റെ ഇഷ്ടന്മാരും ചാൎച്ചക്കാരുമെല്ലാം തന്നെവിട്ടു ഓടിപ്പൊയ്ക്കളഞ്ഞു. പിതാവായ ദൈവവും തന്റെ തിരുമുഖത്തെ തന്നിൽനിന്നു മറച്ചുകളഞ്ഞു. അവാച്യനീയമായ മനോവ്യാകുലവും അസഹനീയമായ ശരീരവേദനയും തനിക്കുണ്ടായി. ഇപ്രകാരം കഠിനവേദനയിൽ ഇരുന്ന ആ സമയത്തു കൂടെയും തന്നെ ആ വിധത്തിൽ കഷ്ടപ്പെടുത്തിയ ശത്രുക്കൾക്കുവേണ്ടി ദൈവത്തെ നോക്കി "ഇവർ ചെയ്യുന്നതു ഇന്നതെന്നറിയായ്ക്കകൊണ്ടു ഇവരോടു ക്ഷമിച്ചുകൊള്ളേണമെ" എന്നു അപേക്ഷിക്കുന്നു. ഹാ ഇതെന്തൊരു ക്ഷമ. എന്ത് അത്ഭുതം. "കൎത്താവെ എന്റെ സഹോദരൻ എന്റെ നേരെ എത്രപ്രാവശ്യം ദോഷം ചെയ്താൽ ഞാൻ അവനോടു ക്ഷമിക്കണം, ഏഴു പ്രാവശ്യത്തോളമൊ" എന്നു ചോദിച്ചു

പ്പോൾ യേശു അവനോടു "ഏഴു പ്രാവശ്യത്തോളം എന്നല്ല ഏഴെഴുപതു പ്രാവശ്യത്തോളം" എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ പത്രോസിനു വലിയ ആശ്ചര്യം തോന്നിയിരിക്കണം. ഇപ്പോഴത്തെ ഈ അപേക്ഷ പത്രോസ് കേട്ടിരുന്നെങ്കിൽ താൻ പറഞ്ഞുകൊടുത്ത ബുദ്ധിയുപദേശത്തിനും തന്റെ പ്രവൃത്തിക്കും തമ്മിൽ അല്പംപോലും ഭേദമുണ്ടെന്നു പത്രോസ വിചാരിക്കുമൊ.

തങ്ങളുടെ മനസ്സു കഠിനപ്പെട്ടു വെറുപ്പുള്ളതായി മന്ദം പിടിച്ചു മരവിച്ചുപോയിരിക്കുന്നതിനാൽ ചിലർ നന്മയും തിന്മയും ഒന്നും ഭയപ്പെടുകയും വെറുക്കയും ചെയ്യുന്നില്ല. യേശു അങ്ങിനെയുള്ളവനല്ല. നന്ദികേടു, ന്യായവിരോധം മുതലായ സകലവും തന്റെ പരിശുദ്ധമനസ്സിൽ മൂർച്ചയുള്ള വാൾ കടക്കുന്ന പ്രകാരമാകുന്നു. പുറമെയുള്ള ശത്രുക്കളുടെ വിരോധപ്രവൃത്തികൾ മാത്രമല്ലാ വേഷധാരികളുടെ വഞ്ചനയും തന്റെ മനസ്സിനെ ഏറ്റവും വേദനപ്പെടുത്തുന്നതാകുന്നു. വിശ്വാസ പാതകം ചെയ്യുന്ന വഞ്ചകന്മാരുടെ നടപ്പാകുന്നു മനുഷ്യഹൃദയത്തിനു ഏറ്റവും വ്യസനകരമായുള്ളതു. നേരെ എതിർത്തു പോരാടുന്ന ശത്രുക്കളോടു ക്ഷമിച്ചാലും വിശ്വാസപാതകം നന്ദികേടു മുതലായ ദ്രോഹം ചെയ്യുന്നവരോടു മനുഷ്യർ ക്ഷണത്തിൽ ക്ഷമിക്കയും മറക്കയും ചെയ്യാറില്ല. ഈ സംഗതിയിലും അനുഗ്രഹിക്കപ്പെട്ട നമ്മുടെ വീണ്ടെടുപ്പുകാരന്റെ നടപ്പിനെ നമുക്കു നോക്കാം. തന്റെ ശിഷ്യർ നന്ദികെട്ടവരായി തന്നെവിട്ടു ഓടിക്കളഞ്ഞു. അതും അവരുടെ സഹതാപവും സഹായവും അത്യാവശ്യപ്പെട്ട സമയത്തായിരുന്നു. എങ്കിലും താൻ അവരോടു പ്രവൃത്തിച്ചതു എങ്ങിനെ എന്നു നോക്കാം. താൻ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റ ഉടനെ തന്നെ അവരെ ആശ്വസിപ്പിക്കുന്നതിനും അവരുടെമേൽ തനിയ്ക്കുണ്ടായിരുന്ന സ്നേഹം വിട്ടുപോയില്ലെന്നും അതൊരിക്കലും വിട്ടുപോകുന്നതല്ലെന്നും അവരെ ബോധപ്പെടുത്തുവാനുമായി "എന്റെ സഹോദരന്മാരോടു പോയി അറിയിപ്പീൻ" എന്നു ആദ്യദൂതു അവരുടെ പക്കലയച്ചു. അവർക്കു ഒന്നാമതു പ്രത്യക്ഷമായപ്പോൾ "നിങ്ങൾക്കു സമാധാനം" എന്നു അവരോടു പറഞ്ഞു അവരെ അനുഗ്രഹിച്ചു. തീബെറിയോസു കടല്ക്കരയിൽ വച്ചു അവരെ കണ്ടപ്പോൾ "മക്കളെ" എന്നു വിളിച്ചു അവരോടുള്ള തന്റെ അതിവാത്സല്യത്തെ താൻ പ്രദർശിപ്പിച്ചു. അപകാരികളോടു ക്ഷമിച്ചവരിൽ പഴയനിയമത്തിൽ യൌസേപ്പിനെപ്പോലെ കീർത്തിപെട്ടവൻ ഇല്ല. എങ്കിലും അവൻകൂടെയും തന്റെ സഹോദരന്മാർക്കു തന്നെത്താൻ വെളിപ്പെടുത്തിയപ്പോൾ "നിങ്ങൾ എജിപ്തിലേക്കു വിറ്റുകളഞ്ഞ യൌസേപ്പു" എന്നു പറഞ്ഞു അവരുടെ പൂർവ്വപകയെ എടുത്തുകാണിച്ചു. യേശു തന്റെ ശിഷ്യന്മാർക്കു തന്നെത്താൻ വെളിപ്പെടുത്തുമ്പോൾ അവരുടെ പഴയ അവിശ്വാസത്തെപ്പറ്റി താൻ യാതൊന്നും തന്നെ സൂചിപ്പിക്കുന്നില്ല. അവർക്കു ആദ്യം പ്രത്യക്ഷമായ സമയത്തും അവരെ ആശീർവദിച്ചു. അവരെ വിട്ടുപോയ സമയത്തും താൻ അപ്രകാരം തന്നെ ചെയ്തു.

. ഇതിനെ വായിക്കുന്ന സ്നേഹിതാ, നിന്റെ കർത്താവും രക്ഷിതാവുമായവന്റെ ഈ പ്രവൃത്തിയെ നീയും പിന്തുടർന്നുകൊൾക. തന്റെ ദൃഷ്ടാന്തം കണ്ടുപഠിക്കേണ്ടുന്ന നിന്നിൽ പകയെന്ന നാമം പോലും കണ്ടുകൂടാത്തതാകുന്നു. നീരസം ഒഴിക്കുക, വാദം മറയ്ക്കുക. കോപത്തിനു ഇടകൊടുക്കാതെയും ഇരിക്ക. സ്നേഹപ്രമാണം നിന്റെ മനസ്സിനെ ഭരിക്കട്ടെ. അന്യന്റെ കുറ്റത്തിനുവേണ്ടി മദ്ധ്യസ്ഥത ചെയ്യുന്നതല്ലാതെ അതിനെ ഒരിക്കലും പൊലിപ്പിച്ചുപറയരുതെ. നീയും പരീക്ഷയിൽ അകപ്പെടാതെ സൂക്ഷിച്ചുകൊൾക. നിന്റെ സഹോദരന്റെ നേരെ ക്ഷമയില്ലാത്ത സ്വഭാവം എപ്പോഴെങ്കിലും നിന്നിൽ ജനിക്കുമ്പോൾ കർത്താവു നിന്റെ പേരിൽ എപ്പോഴും കോപം വച്ചിരിക്കുന്നെങ്കിൽ നിന്റെ അവസ്ഥ എന്തായിരിക്കും എന്നു നല്ലപോലെ ആലോചിക്ക. പൂർണ്ണപരിശുദ്ധനായ ദൈവം നിന്റെ കുറ്റങ്ങൾക്കു നിന്നോടു പ്രതികാരം ചെയ്യുന്നു എങ്കിൽ നിത്യകാലവും നിന്നെ തന്റെ തിരുസന്നിധിയിൽ നിന്നു ആട്ടിക്കളയില്ലയൊ. താനോ തന്റെ മെൽ ദീർഘക്ഷമയോടെ നിന്റെ മഹാ പാതകങ്ങളെ ക്ഷമിച്ചിരിക്കെ നിന്റെ സഹോദരന്റെ ചില്ലറ കുറ്റംനിമിത്തം നീ ക്ഷമയറ്റവനായിരിക്കാമൊ. നീ അവനോടു സ്നേഹത്തോടെ സംസാരിക്കാതെയും ഐക്യപ്പെടാതെയും ഇരിക്കുമൊ. നിന്റെ സഹോദരൻ നിന്നോടു ചെയ്യു കുറ്റം എത്ര ലഘുവായിട്ടുള്ളതെന്നു ശാന്തമായി വിചാരിച്ചുനോക്കുക. ഒരുവനു മറ്റൊരുവനോടു വഴക്കുണ്ടായിരുന്നാൽ ക്രിസ്തു നിങ്ങളോടു ക്ഷമിക്കുന്നതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ ക്ഷമിപ്പീൻ. "നിങ്ങളും ആ മനസ്സിനെ തന്നെ ആയുധമായി ധരിപ്പീൻ".

തുടരും വി.

ക്രിസ്തുവിനെക്കുറിച്ചു ഒരു മഹാന്റെ സാക്ഷി.

തുലോം താണ പദവിൽ നിന്നു പ്രാൻസിലെ ചക്രവത്തിയായി തീരുകയും യൂറോപ്പിലെ മികരാജാക്കന്മാരെയും കീഴ്പ്പെടുത്തുകയും ചെയ്യു വിശ്വവിശ്രുതനായിരുന്ന നാപ്പോലിയൻ ബോനപ്പാട്ടിനെക്കുറിച്ചു എല്ലാവരും കേട്ടിരിക്കുമെല്ലൊ. ഇദ്ദേഹം പുറമെ ഒരു ക്രിസ്ത്യാനിയായിരുന്നു എങ്കിലും തന്റെ ഉയച്ചകാലത്തു ഹൃദയത്തിൽ ഒരു അഗ്നോസ്റ്റികൻ ആയിരുന്നു. കടശി ഇദ്ദേഹം സെൻറ് ഹെലനാ എന്നദ്വിപിൽ തടവുകാരനായിട്ടാണ ജീവാവസാനം കഴിച്ചുകൂട്ടിയതു. ഈ മഹാൻ കടശികാലത്തു മതത്തിൽ കുറെ തീക്ഷ്ണൻ ആയിരുന്നു. ആസന്ദൎഭത്തിൽ ക്രിസ്തുവിനെക്കുറിച്ചു പറഞ്ഞ അഭിപ്രായം എന്തെന്നാൽ:—

"ഞാൻ മനുഷ്യരെ അറിയുന്നു. എന്നാൽ യേശുക്രിസ്തു ഒരു മനുഷ്യനല്ലന്നു വേണം പറവാൻ. ക്രിസ്തുവിനെയും മഹാരാജ്യ സ്ഥാപകന്മാരെയും യോദ്ധാക്കളെയും മറ്റുമതങ്ങളിലെ ദേവന്മാരെയും തമ്മിൽ താരതമ്യപ്പെടുത്തിയാൽ തമ്മിൽ ചില സാമ്യങ്ങൾ ഉണ്ടെന്നു ചിലൎക്കു തോന്നിയേക്കാം. എന്നാൽ സാമ്യം ഇല്ല. കാൎയ്യാകാൎയ്യ വിവേചനവും മനുഷ്യസമ്പ്രദായങ്ങളിൽ പരിജ്ഞാനവും ഉള്ളവർ എന്റെ അഭിപ്രായത്തിൽ ചേരും. ഭൂമിയിലെ മറ്റു ഓരോ മതങ്ങളെക്കുറിച്ചു കൃത്തിക്കുന്ന ഏവനും അവയുടെ സ്ഥാപകന്മാരെ നോക്കി "നീ ദൈവവുമല്ല ദൈവത്തിന്റെ കാൎയ്യസ്ഥനുമല്ല, നിനക്കു സ്വൎഗ്ഗത്തിൽ നിന്നു നിയോഗമില്ല, നീ കളവുയുടെ മിശ്ശ്യനരിയാണു" എന്നു തീൎത്തു പറയാം. ബുദ്ധ, കൊൻഫ്യൂഷ്യസ, മഹമ്മദ, മുതലായവരിൽ നിയമനിൎമ്മാണ കൎത്താക്കളെ മാത്രമല്ലാതെ ദൈവത്വത്തെ പ്രത്യക്ഷപ്പെടുത്തുന്ന ഒന്നും കാണ്മാനില്ല. നേരെമറിച്ചു അവരെ എന്നോടും എന്റെ പരാക്രമങ്ങളോടും താരതമ്യപ്പെടുത്തിയാൽ അനേകസാമ്യങ്ങൾ കാണാം. ഇനിക്കും മനുഷ്യജാതിയ്ക്കും സഹജമായ വീഴ്ചകളും താഴ്ചകളും ഉയച്ചകളും അവരിലും കാണാം. എന്നാൽ ക്രിസ്തുവിന്റേതു അങ്ങനെ അല്ല. തന്നെ സംബന്ധിച്ച സകലവും ആശ്ചൎയ്യങ്ങൾ ആണ. തന്റെ ആത്മാവു എന്നെ ആശ്ചൎയ്യപ്പെടുത്തുന്നു. തന്റെ ഇഷ്ടം എന്നെ ഇളക്കുന്നു. തനിക്കും ലോകത്തിലും ഏതിനും തമ്മിൽ സാമ്യപ്പെടുത്താവുന്നവ ഒന്നുമില്ല. തന്റെ വിചാരങ്ങളും താൻ പറയുന്ന സത്യങ്ങളും താൻ ബോദ്ധ്യപ്പെടുത്തുന്ന സമ്പ്രദായങ്ങളും മനുഷ്യസ്വഭാവത്താലൊ കാൎയ്യസ്വഭാവത്താലൊ വ്യാഖ്യാനിക്കപ്പെടുവാൻ തക്കവയല്ല.

തന്റെ ജനനം, തന്റെ ജീവചരിത്രം, തന്റെ ഉപദേശത്തിന്റെ പൂൎണ്ണത, തന്റെ സുവിശേഷം, തന്റെ സ്വഭാവം, ദൎശനം, രാജ്യം എല്ലാം ഇനിക്കു ആശ്ചൎയ്യവും ആഴം കണ്ടുപിടിപ്പാൻ പാടില്ലാത്ത രഹസ്യവുമാകുന്നു. നിഷേധിക്കപ്പെട്ടുകൂടാത്തതെങ്കിലും വൎണ്ണിക്കപ്പെടുവാൻ പാടില്ലാത്ത ഒരു രഹസ്യം തന്നെ ആണ്. ഇതിലെങ്ങും മനുഷ്യന്റെതൊന്നും ഞാൻ കാണുന്നില്ല. എത്രത്തോളം ഞാൻ അവനോടടുക്കയും എത്രത്തോളം ഞാൻ അവനെ പരിശോധിക്കയും ചെയ്യുന്നു

വൊ അത്രത്തൊളം സകലവും എന്റെ ബോധത്തിന്ന അപ്പുറമായും അളവില്ല വലിപ്പമായും കാണുന്നു.

തന്റെ മതം തനിക്കുമാത്രം ഉ്ചെരുന്ന ഒരു രഹസ്യവും മനുഷ്യബുദ്ധിയല്ലാത്ത ബുദ്ധിയിൽനിന്നു മാത്രം പുറപ്പെടുന്നതുമാകുന്നു. തന്റെ ഉപദേശങ്ങൾ എല്ലാം ദൈവീകവും തന്റെ സ്വന്തവുമാകുന്നു. മറ്റൊരു ശാസ്ത്രത്തിൽ നിന്നു താൻ ഒന്നും കടം വാങ്ങിക്കുന്നില്ല. സുകൃത ജീവന്റെ നല്ലദൃഷ്ടാന്തം തന്നിൽമാത്രമെ കാണ്മാനുള്ളു. താൻതന്നെ ഒരു തത്വജ്ഞാനിയായിട്ടല്ല അതിശയങ്ങളെ പ്രവൃത്തിക്കുന്നവനായിട്ട വെളിപ്പെടുത്തുന്നു. ശാസ്ത്രവിദ്യയാലല്ല ആത്മാവിന്റെ പ്രവൃത്തിയാൽതന്നെ അറിയിക്കുന്നു. തന്റെ പ്രവൃത്തി ആത്മാവുമായിട്ടാകുന്നു. ശാസ്ത്രം നിസ്സാരമാക്കി. ആത്മാവു രാജത്വം പ്രാപിച്ചു- വിശ്വാസം എന്ന ഏകപദത്തിൻമുമ്പാകെ വിദ്യകൾ എല്ലാം സാഷ്ടാംഗവന്ദനം ചെയ്യുന്നു- ഈ ഏകപദം വലിയ ഇളക്കങ്ങളെയും മാററങ്ങളെയും വരുത്തിയിരിക്കുന്നു.

ക്രിസ്തുസകലവും തന്റെ മരണത്തിൽനിന്നു സംഭവിക്കുവാൻ കാത്തിരിക്കുന്നു. മരിച്ചിട്ടു ഫലം ചെയ്യാമെന്നുള്ളതു തന്നെ മാനുഷ്യവിദ്യയല്ലല്ലൊ- അതു മനുഷ്യസ്വഭാവത്തിനു മേലുള്ളതാണ. ക്രിസ്തു ഒഴികെയുള്ള എല്ലാം അപൂൎണ്ണങ്ങളും മായയുമാകുന്നു. കാലാവസ്ഥകളാലും ദേശഭേദങ്ങളാലും ഓരൊ സംഭവങ്ങളാലും വളകയും പുളകയും ചെയ്യാത്തതായി ആരുണ്ട? ക്രിസ്തുമാത്രം ഉണ്ട- ആദ്യാവസാനം താൻ ഒരെനിലയിൽ നില്ക്കുന്നു. തന്റെ ജീവിതത്തിൽ നിസ്സാരമായ വീഴ്ചയ്ക്കുപോലും താൻ പാത്രീഭവിച്ചിട്ടില്ല. തന്റെ പ്രവൃത്തിയിലും സംസാരത്തിലും ക്രിസ്തു മാററമില്ലാത്തവനും ഇതര സംഭവങ്ങളാൽ ഇളകമില്ലാത്തവനും ആകുന്നു.

ക്രിസ്തു സമയത്തെ നിസ്സാരവാക്കിനാൽ നിത്യനാണെന്നു തെളിയിക്കുന്നു. തന്റെ ഉപദേശങ്ങളുമെല്ലാം നിത്യങ്ങൾ ആണ. തന്റെ മഹാരാജ്യത്തിന്റെ ചക്രവാളം നിത്യത്തിലേക്ക എത്തുന്നു. താൻ ജീവനും മരണത്തിനും മേലായും അപ്പുറമായും ഭരിക്കുന്നു. ഭൂതവും ഭാവിയും തനിക്ക ഒരുപോലെയാണ്. ക്രിസ്തു നമ്മോടു കല്പിക്കുകയാണ്. അപേക്ഷികയല്ല ഞാൻ ദൈവമാകുന്നു എന്നുള്ള ആ ഭയങ്കര വചനത്തിന്റെ ശക്തിയാൽ താൻ ശാസനാകൎത്താവായി നമ്മൊടുആജ്ഞാപിക്കുന്നു. മററുള്ള മതസ്ഥാപകന്മാരെയും ക്രിസ്തുവിനെയും തമ്മിൽ താരതമ്യപ്പെടുത്തിയാൽ എത്രമാത്രം ഭേദമുണ്ടെന്ന ഇതുകൊണ്ടറിയാം. ക്രിസ്തു വഞ്ചകനെന്നൊ അല്ലെങ്കിൽ ദൈവമെന്നൊ സമ്മതികണം- തന്നെ വഞ്ചകനാക്കുവാൻ തന്റെ പ്രവൃത്തിയിൽ ഒരുകുററവും കണ്ടുപിടിപ്പാനില്ല. അപ്പോൾ തന്നെ ദൈവമെന്നു സമ്മതിച്ചാൽ തന്റെ ഉപദേശമാകുന്ന ക്രിസ്ത്രീയമതവിശ്വാസം കണക്കുശാസ്ത്രംപോലെ വ്യക്തമായും നിരാക്ഷേപമായും സമ്മതിക്കണം. അതിനെ നിഷേധിച്ചാൽ ഭൂമിയിൽ സ്വീകാരയോഗ്യമായി പിന്നെ ഒന്നുമില്ല. അതിനെ സ്വീകരിച്ചാൽ മനുഷ്യചരിത്രത്തിന്റെ വ്യാഖ്യാനിക്കപ്പെടുവാൻ പാടില്ലാത്ത സംശ

യങ്ങൾ എല്ലാം തീരുകയും ചെയ്യും.

സ്വാസ്നേഹത്തെ നശിപ്പിക്കുന്ന ഒരു മഹാസ്നേഹം ക്രിസ്തുവിൽ പ്രത്യക്ഷമാക്കിയിരിക്കുന്നു. സ്നേഹജ്വാലയെ താൻ ജ്വലിപ്പിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ മഹാ ആശ്ചൎയ്യം സ്നേഹഭരണമാകുന്നു. തന്നെ പരമാൎത്ഥമായി വിശ്വസിക്കുന്നവർ അമാനുഷ്യവും അതിശയകരവുമായ ഈ സ്നേഹത്തെ കാണുന്നു. ഒരുവനാലും കെടുത്തുവാൻ പാടില്ലാത്ത ഒരു ശുദ്ധജ്വാലയാണ ഇതു. ക്രിസ്തുവിന്റെ ദൈവത്വത്തെ ഇതു എത്ര ശക്തിയോടുകൂടെ തെളിയിക്കുന്നു.

ഹാ നമ്മുടെ കഷ്ടവും ക്രിസ്തുവിന്റെ നിത്യഭരണവും തമ്മിൽ എന്തുമാത്രം ഭേദം. അവന്റെ മരണം മനുഷ്യനെ ജീവിപ്പിക്കുന്നതു എത്രയൊ ആശ്ചൎയ്യം. ഹാ, നീ ഈ ആശ്ചൎയ്യകരമായ വീണ്ടെടുപ്പിനെ വിശ്വസിക്കുന്നില്ലയൊ. അതൊ നഷ്ടപ്പെട്ടുപോകുന്നുവൊ?".



൭-ാം പുസ്തകം ൧൦-ാം ലക്കം ൧൯-ാം പുറത്തു അവസാനിച്ചതിന്റെ ശേഷമുള്ള എഴുത്തും മറുപടിയും.

നമ്പ്ര ൧൩. മാവേലിക്കരെ ആത്മീകാഭിവൃദ്ധി സംഘത്തിൽനിന്നും

കടവിൽമത്തായി, വിലനിലത്തു ദാനയെൽ, കല്ലറക്കൽ ഈപ്പൻ, പൈനുംമൂട്ടിൽ ശീവറുഗീസു, നാടാവള്ളിൽ കൊച്ചുകുഞ്ഞു, ടി-യിൽ മത്തായി, മണ്ണാപ്പള്ളിൽ ജോൺ, പുത്തൻവീട്ടിൽ കൊച്ചുകുഞ്ഞു, വിലനിലത്തു പീലിപ്പോസു എന്നവൎക്കൾ ഗ്രഹിപ്പാൻ-

ഈ കന്നിമാസം ൯-ാംനു നടത്തിയ ടി- സംഘത്തിന്റെ വാൎഷികയോഗത്തിലേക്കു നിങ്ങളെ ക്ഷണിച്ചു എഴുതിയ എഴുത്തിൻപ്രകാരം വരുവാൻ നിങ്ങൾക്കു സൌകൎയ്യമില്ലാത്തവിവരത്തിനു നിങ്ങൾ അയച്ച മറുപടി എഴുത്തു കിട്ടി. വിവരം സംഘത്തിൽ പ്രസ്താവിച്ചു. അതിൽ ഞാൻ മാതാവിന്റെ മടിയിലേക്കു വന്നു ചേരുവാൻ നിങ്ങൾ ആഗ്രഹിക്കയും പ്രാൎത്ഥിക്കയും ചെയ്തു വരുന്നതായി കാണിച്ചിരിക്കുന്ന ഭാവങ്ങളെപ്പററി ചിന്തിച്ചതിൽ അല്പം നിങ്ങളോടു പറവാൻ ആഗ്രഹിക്കുന്നു.

യാക്കോബായസഭയെ നിങ്ങൾ മാതാവായി ധരിച്ചു ജനിപ്പിച്ചു വളൎത്തിയവൾ എന്നു പേർകൊടുത്തിരിക്കുന്നു. അതുശരിയല്ല. ദൈവത്തിന്റെമക്കളെ പ്രസവിക്കുന്നതു സ്വാതന്ത്ര്യമുള്ള മേലിന്നടുത്ത യേറുശലെം ആകുന്നു. അവളാകുന്നു ദൈവകുഞ്ഞുങ്ങളുടെ മാതാവാകുന്നവൾ എന്നു പൌലൊസുപറയുന്നു. (ഗലാ- ൪-൨൬) ഇവളുടെ സ്വാതന്ത്ര്യത്തെ കുറപ്പാൻ അന്ത്യോഖ്യക്കാകട്ടെ നവീകരണക്കാരാകട്ടെ അല്ലെങ്കിൽ ലോകത്തിൽ കാണപ്പെടുന്ന മറെറാരു സഭയ്ക്കും ആകട്ടെ കഴിയുന്നതല്ല. അതുകൊണ്ടത്രെ ഇവൾ സ്വാതന്ത്ര്യകാരി ആയിരിക്കുന്നതു. പ്രസവിക്കുന്നവൾ ഒരുത്തിയും വളൎത്തുന്നവൾ മറെറാരുത്തിയും ആകുന്നു എന്നത്രെ സുറിയാനി പള്ളിക്രമവും പറയുന്നതു. നിങ്ങളുടെ പട്ടക്കാരോടു ചോദിച്ചാൽ പറഞ്ഞുതരുന്നതാകുന്നു. എന്നാൽ വളൎത്തുന്നവളെയൊ മുലകൊടുക്കുന്ന ഒരുത്തിയെന്നു ആ അപ്പൊസ്തോലൻ തന്നെ പറയുന്നു. (൧തെസ്സ- ൨- ൭) അതുതന്നെക്കുറിച്ചുതന്നെയും ആകുന്നു. ഈ ന്യായങ്ങൾ നോക്കിയാൽ സകല ദൈവമക്കൾക്കും എന്നപോലെ ഇനിക്കും മേലിന്നടുത്ത യറുശലേം മാതാവായും ദൈവഭൃത്യന്മാരുടെ ചുമതലപ്രകാരം ഞാനും ദൈവവചനത്തെ ഭക്ഷിച്ചുകൊണ്ടു താൻ ജനിപ്പിക്കുന്ന കുഞ്ഞുങ്ങൾക്കു പാൽകൊടുക്കുന്ന വേലക്കാരനായും ഇരിക്കെ ഇവകളെവിട്ടു നിങ്ങളുടെ ജഡസംബന്ധമായ (൧കൊരി- ൩- ൧൨) ആശ്രയത്തിൽ വരണമെന്നു ആഗ്രഹിക്കുന്നതു അംഗീകാരയോഗ്യമൊ നിങ്ങൾ തന്നെ വിധിപ്പീൻ- അതിനെനിങ്ങൾവിട്ടു മേല്പറഞ്ഞ വേദസത്യത്തെ പിന്തുടൎന്നു നിങ്ങൾ വരുമ്പോൾ ആ സ്ഥലത്തു എന്റെ ദൈവം എന്നെ നിങ്ങൾക്കു കാണിക്കും. അപ്പോൾ നിങ്ങൾ ദൈവത്തിന്റെ ശബ്ദത്തെ കേൾക്കുന്ന ആടുകളാകും ഞാനും നിങ്ങളുടെ ഇടയനായിരിക്കും.

നിങ്ങളുടെ എഴുത്തിൽ സ്നേഹവിശുദ്ധങ്ങളായി കാണിച്ചിട്ടുള്ള എല്ലാ ഭാഗങ്ങളെയും ആ ശുഭസന്ദർഭത്തിൽ എന്നെ ധരിപ്പിപ്പാനായി നിങ്ങൾ നൽകിയ സമ്മാനമാകി നിരനിരയായി പതിക്കപ്പെട്ട ഒമ്പതു രത്നങ്ങളും ഒപ്പുകളും കൊണ്ടു ഉറപ്പിച്ചിരിക്കുന്നതിനെ നവരത്നമാലയായി ഞാൻ സന്തോഷപൂർവം അണിഞ്ഞു നിങ്ങൾക്കു വേണ്ടിയും പ്രാർത്ഥിച്ചിരിക്കുന്നു.

എന്ന സംഘാദ്ധ്യക്ഷൻ (ഒപ്പു)

൧൨- കന്നി ൭-ാം നു-

മറുപടി

മാവേലിക്കര ആത്മീകാഭിവൃദ്ധി സംഘാദ്ധ്യക്ഷൻ അവർകൾക്കു

കന്നി മാസം ൭-ാംനു ൧൫-ാം നമ്പരായി തങ്ങൾ അയച്ച എഴുത്തു കിട്ടി. ൫-ാംനു അയച്ച എഴുത്തിനു മറുപടിയായി ഞങ്ങൾ അയച്ച എഴുത്തിലെ സംഗതികൾ മിക്കവാറും തങ്ങൾ സമ്മതിച്ചിരിക്കുന്ന സ്ഥിതിയിലെങ്കിലും യാക്കോബായ സുറിയാനി സഭയെ മാതാവായും വളർത്തുന്നവളായും പറഞ്ഞുകൂടായെന്നും അതിലെ അംഗങ്ങൾക്കു വേദവിപരീതികളുടെ സംസർഗ്ഗത്തിൽ ഉൾപ്പെടുന്നതിനു അനുവാദമില്ലാത്തതിനാൽ എന്നതോന്നുമാറു അത്ര സ്വാതന്ത്ര്യമുള്ളതല്ലെന്നും മേലിന്നടുത്ത ഊർശ്ലേം സ്വാതന്ത്ര്യക്കാരിയാണെന്നും അതിന്റെ സ്വാതന്ത്ര്യത്തെ കവർപ്പാൻ ഭൂമിയിലുള്ള യാതൊരു സഭയ്ക്കും കഴിയുന്നതല്ലെന്നും ജഡസംബന്ധമായ ആശ്രയത്തിലേക്കു വരുവാൻ തങ്ങളെ വിളിക്കുന്നതു യോഗ്യമല്ലെന്നും ഞങ്ങളുടെ ആക്ഷേപസൂചകത്തെ നവരത്നമാലയായി അണിഞ്ഞുകൊള്ളാമെന്നും മറ്റും കാണിച്ചിരിക്കുന്നു

സുറിയാനിസഭയിലുള്ള ദൈവമക്കൾക്കെങ്കിലും ആ സഭ മാതാവും വളർത്തുന്ന തള്ളയും ആയിരിക്കയില്ലന്നുണ്ടോ. സുറിയാനി സഭയിൽ ഉൾപ്പെട്ടവനായിരുന്നുവല്ലോ എന്നു വിചാരിച്ചത്രെ അതിനെ തങ്ങൾക്കും ഞങ്ങൾക്കും മാതാവായി ഞങ്ങൾ പറഞ്ഞതു. തങ്ങൾക്കു ആ തള്ളയുടെ മുല കുടിപ്പാൻ മനസ്സില്ലെന്നിരുന്നാലും ഞങ്ങൾക്കു ആ കരുണയുള്ള മാതാവിനെ മറന്നു അന്യമുല കുടിപ്പാൻ മനസ്സില്ല. അവളുടെ മണവാളനായ മശിഹായുടെ ആജ്ഞക്കീഴിൽ അവൾ നിയമിച്ചിട്ടുള്ള കല്പനകൾക്കു ഞങ്ങൾ അടിമപ്പെട്ടിരിക്കുന്നതു ചൊല്ലുവിളിയുള്ള മക്കളുടെ മുറയായിട്ടല്ലാതെ അതിനെ ഒരു അടിമയായിട്ടു ഞങ്ങൾ വകവയ്ക്കുന്നതുമില്ല. മേലിന്നടുത്ത ഊർശ്ലേമിന്റെ സ്വാതന്ത്ര്യം എന്നു ശ്ലീഹാ പറഞ്ഞിരിക്കുന്നതു തള്ളയുടെ കീഴ്‌വരുതിയിൽ ഇരുന്നാൽ തങ്ങളുടെ ജഡമോഹങ്ങളെ പൂരിപ്പാൻ ഇടമില്ലെന്നു കരുതി വിശുദ്ധസഭയിൽനിന്നു തെറ്റിത്തെറ്റി നടക്കുന്നവരുടെ തന്നിഷ്ടഉപദേശമാണെന്നു സ്വർഗ്ഗത്തിൽനിന്നു ഒരു ദൈവദൂതന്റെ വേഷത്തിൽ വന്നു പറഞ്ഞാലും ആയതു വിശ്വസിപ്പാൻ ഞങ്ങൾക്കു പ്രയാസം. ഈ പ്രകാരമുള്ളവരുടെ സ്വാതന്ത്ര്യം (൧ പത്രോ- ൨അ- ൧൬-ാം വാക്യത്തിൽ) "തങ്ങളുടെ സ്വാതന്ത്ര്യം തങ്ങളുടെ തിന്മയ്ക്കു മറയായി ധരിച്ചിരിക്കുന്ന മനുഷ്യർ" എന്നു പറഞ്ഞിരിക്കുന്ന പ്രകാരമുള്ളവരുടേതാകുന്നു. സ്വാതന്ത്ര്യം സ്വാതന്ത്ര്യം എന്നു വിളിച്ചുപറയുമ്പോൾ തന്നെ അവർ അടിമക്കാരാകുന്നു. അതിനു സാക്ഷി തങ്ങളുടെ തല്ക്കാലഅനുഭവം തന്നെ. യാക്കോബായക്കാർ അടിമക്കാരാണെന്നു വിചാരിച്ചു അടിമയിൽനിന്നു സ്വാതന്ത്ര്യപ്പെടുന്നതിനു നിശ്ചയിച്ചു ചെന്നാറെ അവിടുത്തെ അനുഭവം ഗവർമ്മെണ്ടു മൂലം ഉടമ്പടിയിന്മേൽ അടിമക്കാരനായി തീരുന്നതിനല്ലയോ തങ്ങൾക്കു സംഗതിയായതു. ദൈവീകമായ ഒരു ഉടമ്പടിയെ നിഷേധിച്ചു മാനുഷീകമായ ഒന്നിനെ കൈക്കൊള്ളുവാൻ ദൈവത്തിന്റെ മക്കളെ പ്രസവിക്കുന്ന സ്വാതന്ത്ര്യമുള്ള മേലിന്നടുത്ത ഊർശ്ലേം എന്ന തള്ള തങ്ങളെ പ്രസവിച്ചിരിക്കുന്നു എന്നു പറയുന്നതു കേവലം യുക്തിവിരുദ്ധവും ദുർവാശിയും അല്ലയോ എന്നു നിഷ്പക്ഷപാതമായി ആലോചിച്ചാൽ തങ്ങൾക്കു തന്നെ അറിയാമല്ലൊ. ഒരുത്തി പ്രസവിക്കുന്നു മറ്റൊരുത്തി വളർത്തുന്നു എന്നു പള്ളിക്രമത്തിൽ പറഞ്ഞിരിക്കുന്നതു മാമ്മോദീസായാകുന്ന മാതാവിൽനിന്നു ജനിച്ചിട്ടുള്ള ദൈവമക്കളെ വളർത്തുന്ന വിശുദ്ധസഭ (അതിലെ നിയമങ്ങളും അതിലെ ശുശ്രൂഷക്കാരും) ആകുന്നു എന്നല്ലാതെ സഭയിൽനിന്നു തെറ്റിത്തെറ്റി നടക്കുന്ന തന്നിഷ്ടക്കാർ വളർത്തുമെന്നല്ലെന്നു ഞങ്ങളുടെ പട്ടക്കാർ മൂലം ഞങ്ങൾ അറിയുന്നു. വളർത്തുന്നതു വിശുദ്ധസഭയാണെന്നു പള്ളിക്രമത്തിൽ വ്യാഖ്യാനിച്ചു പറഞ്ഞിട്ടുണ്ടെന്നും കൂടെയത്രെ പട്ടക്കാർ മൂലം അറിയുന്നതു. അഹരോൻ എന്നപോലെ ദൈവത്താൽ വിളിക്കപ്പെടുന്നവരല്ലാതെ ഈ ബഹുമാനത്തെ (പട്ടത്വം) ഒരുത്തനും പ്രാപിക്കുന്നില്ലെന്നു വിശുദ്ധ ശ്ലീഹാ പറഞ്ഞിരിക്കുമ്പോൾ തങ്ങളെ മുലകൊടുക്കുന്നവളായി ഞങ്ങൾ വകവയ്ക്കണമെന്നും വിളിക്കപ്പെട്ടവരുടേതു അടിമയായി വിചാരിക്ക

ണമെന്നും പറഞ്ഞാൽ എത്ര ചാതുൎയ്യത്തോട കൂടിയ മംഗളവാക്കിൽ ആയിരുന്നാലും അതിനെ അംഗീകരിക്കുന്നതു ഞങ്ങൾക്കു വിഹിതമൊ എന്ന തങ്ങൾ തന്നെ വിചാരിപ്പിൻ- ഈ സത്യത്തെ വെളിപ്പെടുത്തുവാൻ തക്കവണ്ണം ഞങ്ങളുടെ എഴുത്തിൽ ഞങ്ങൾ പറഞ്ഞിട്ടുള്ള വല്ല വാചകത്തെയും വിചാരിച്ചു ആയതു തന്നെ ആക്ഷേപിക്കയത്രെ എന്ന പറയുന്നതിൽ ഞങ്ങൾക്കു യാതൊരു വിധത്തിലും പശ്ചാത്താപത്തിനു വഴി കാണുന്നില്ല- തങ്ങളുടെ മനസ്സുതിരിവിനുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നതു തങ്ങളെ ജഡസംബന്ധമായ ആശ്രയത്തിലേക്കു വിളിക്കയത്രെ എന്ന പറയുന്നതിൽ ഞങ്ങളുടെ വ്യസനത്തോടു പ്രസാദത്തെ കൂട്ടുകയത്രെ ചെയ്യുന്നതു- നാം ഇരുപാട്ടുകാരും കൂടെ ആത്മസന്തോഷത്തിൽ വസിച്ചുവന്നിരുന്നതായ ആ കാലത്തുണ്ടായിരുന്ന സ്ഥിതിയിൽ നിന്ന ജഡസംബന്ധമായ ആശ്രയത്തിലേക്കു തിരിഞ്ഞുപോയതു ആരെന്ന എവൎക്കും പരസമ്മതമായ കാൎയ്യമാകയാൽ അതിനു മറുപടി പറവാനും ഞങ്ങൾ തുനിയുന്നില്ല- ആഗ്രഹിച്ച ഇടവക കിട്ടാതിരുന്നാലും സ്ഥിതി മാറിയാൽ വേറൊന്നിന്റെ തലവനാകാമെന്ന ഊഹിപ്പാൻ പോലും വഴിയില്ലാത്തവരാണല്ലൊ ഞങ്ങൾ- ഏതു ജഡാശ്രയത്തിലേക്കാണ ഞങ്ങൾ തങ്ങളെ ക്ഷണിച്ചതെന്ന ഒന്നു വെളിപ്പെടുത്തിതന്നാൽ കൊള്ളാം- അങ്ങിനെയുള്ള ആശ്രയത്തിന്മേൽ വരണമെന്ന മനസ്സുണ്ടായിരുന്നാലും ഞങ്ങൾക്കു ആവശ്യമില്ലെന്ന പറഞ്ഞു കൊള്ളുന്നു- കോലൊ- ൨- ൧൮-ൽ പറയുന്ന ജഡാശ്രയത്തിലേക്കു ഞങ്ങൾ തങ്ങളെ ക്ഷണിച്ചിട്ടില്ല- ക്ഷണിക്കുന്നതുമല്ല- ദുർദൂതന്മാരെയും ദുഷ്ടമനുഷ്യരെയും എന്ന മാത്രമല്ല, സൽദൂതന്മാരെയും വിശുദ്ധ മനുഷ്യരെയുംകൂടെ സേവിക്കരുതെന്നും ദൈവത്തെ മാത്രമെ സേവിക്കാവൂ എന്നുമാണ എപ്പോഴും ഞങ്ങളുടെ വിശ്വാസം- നാട്ടികൊണ്ടു ഉതയ്ക്കുന്നതുപോലെ ഞങ്ങൾ വിശ്വസിക്കാത്തതും പറയാത്തതും പ്രവൃത്തിക്കാത്തതുമായ സംഗതികളെ ഞങ്ങളുടെമേൽ കുറ്റകരമായി ചുമത്തുന്നതെന്തിനു?- അതിനു പാസൊക്കാ പറഞ്ഞതുകൊണ്ടു മതിയാകുമൊ- അതിനാൽ ജഡസംബന്ധമായ ആലോചനകളേയും തന്നിഷ്ടക്കാരുടെ ഗുണദോഷ സംസൎഗ്ഗങ്ങളെയും ഉപേക്ഷിച്ചു മാതാവിന്റെ മടിയിലേക്കു തിരിച്ചു വരണമെന്ന ഞങ്ങളുടെ മുമ്പിലത്തെ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളതിനെ ഒന്നുകൂടി ഓൎപ്പിക്കുന്നതു കൂടാതെ അതിനെപ്പറ്റി സത്യമായി ആലോചിക്കയും ചെയ്യുമെന്ന വിശ്വസിക്കുന്നു.

എന്ന കടവിൽ മത്തായി മുതൽപേർ

സുറിയാനിക്കാരുടെ അവകാശക്രമത്തിനു ഒരു നിയമത്തിന്റെ ആവശ്യകത.

യാക്കൊബായക്കാരും. റൊമ്മാക്കാരും, അംഗ്ലിയക്കാരും, നവീകരണക്കാരും ഉൾപ്പെട്ട സുറിയാനിജാതിക്കു അവകാശക്രമം മിക്കവാറും ഒരുപോലെയാണ ആചരിക്കപ്പെടുന്നതെന്ന തോന്നുന്നു. അപൂൎവ്വം ചില സ്ഥലങ്ങളിൽ ചില ഭേദങ്ങൾ ഉണ്ടായിരിക്കാമെന്നെ ഉള്ളു ദൃഷ്ടാന്തമായിട്ടു കുന്നംകുളങ്ങരെ അങ്ങാടിയിൽ ഒരു ആൾക്കു പുരുഷസന്താനം ഇല്ലാതിരുന്നാൽ പുത്രിമാരെ മുതൽ അവകാശപ്പെടുത്താതെ സഹോദരപുത്രന്മാരെ അവകാശപ്പെടുത്തുകയും പുത്രിമാരെ കല്യാണം ചെയ്യിച്ചയക്കുകയുമാണ പതിവു എന്നറിയുന്നുണ്ടു. ഇപ്പോൾ അവിടെയും ഠരം നടപ്പു മാറിവരുന്നതായി കാണുന്നു. ഇങ്ങനെ അപൂൎവ്വം ചില ഭേദങ്ങളെ ഒഴിച്ചാൽ അവകാശക്രമം എല്ലായിടത്തും ഒന്നു പോലെയാണ. ഇന്ത്യായിൽ ഉള്ള ഇതരക്രിസ്ത്യാനികളൊടു താരതമ്യപ്പെടുത്തിയാൽ സുറിയാനിക്കാരും അവരും തമ്മിൽ അവകാശക്രമത്തിൽ പലപല ഭേദങ്ങൾ കാണാം. ബ്രിട്ടീഷിൽ ഉള്ള ക്രിസ്ത്യാനികൾക്കു ഇണ്ട്യൻ പി

ഊടച്ച് ആക്ട് മുതലായ ചില നിയമങ്ങൾ നടപ്പാക്കിയിട്ടുള്ളതും അവ ഏറാക്കുറെ ആ ദേശങ്ങളിലെ ക്രിസ്ത്യാനികളുടെ ആചാരമര്യാദകൾക്കു അനുരൂപമായിരിക്കുന്നതും ആകുന്നു. സുറിയാനിക്രിസ്ത്യാനികളുടെ പ്രധാന വാസസ്ഥലങ്ങളായ തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളിലെ നമ്മുടെ സമുദായത്തിന്റെ അവകാശക്രമത്തെ നടത്തിക്കുന്നയാതൊരു ചട്ടവും ഇല്ലാത്തതു വലിയ കുഴപ്പങ്ങൾക്കു ഹേതുഭൂതമായിതീന്നിരിക്കുന്നു. ബ്രിട്ടീഷിലെ നിയമം ഇവിടെ പ്രയോഗിക്ക എന്നു വച്ചാൽ നമ്മുടെ നടപ്പിൽ അനേകം മാററങ്ങൾ ആവശ്യപ്പെടുന്നു. അവ നമുക്കു നൂതനവും നമ്മുടെ സ്ഥിതിയെ ഭേദപ്പെടുത്തുന്നതുമായി വരും.

സുറിയാനിക്കാരുടെ അവകാശക്രമം എന്നുപറഞ്ഞു കോട്ടയം തഹശീൽദാർ ആയിരുന്ന കഴിഞ്ഞുപോയ മുത്തുകൃഷ്ണനായിഡു അവർകൾ ഒരു ചെറിയപുസ്തകം ഉണ്ടാക്കിയിട്ടുണ്ടായിരുന്നു. അതു ഗവർമ്മെണ്ടിനാൽ അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതു മൂലം തർക്കവിഷയങ്ങളിൽ ഒരാധാരമായി നീതിന്യായകോടതികൾ അംഗീകരിക്കാറില്ല. എന്നു മാത്രവുമല്ല ഈ കാലത്തു നേരിടുന്ന കുഴപ്പങ്ങളായ സംഗതികൾക്കു ആവശ്യപ്പെട്ട സമാധാനം ഈ പുസ്തകം കൊണ്ടു തീർച്ചപ്പെടുത്തുവാൻ പാടില്ലാത്തവണ്ണം അതു അത്ര അപൂർണ്ണമായും ഇരിക്കുന്നു.

അവകാശക്രമം സംബന്ധിച്ചു തിരുവിതാംകൂർ ഹൈക്കോടതിയിൽനിന്നു ഈയിടെ നിശ്ചയിച്ചിട്ടുള്ള ചില വിധികൾ വായിക്കുമ്പോൾ നമ്മുടെ അവകാശക്രമങ്ങൾ കോടതി ശരിയായി ഗൌനിച്ചിട്ടില്ലെന്നും ഈ വിധം അമാന്തമായി മേലും ഇരുന്നാൽ വളരെ കുഴപ്പങ്ങൾക്കും അജഗജാന്തര മാററങ്ങൾക്കും ഇടകൊടുക്കുമെന്നും ബോധപ്പെടും. ദൃഷ്ടാന്തമായി ഈയിടെ ഉണ്ടായ ഒന്നുരണ്ടു വിധികളുടെ താല്പര്യം പറയട്ടെ.

ഈ അടുത്തകാലത്തു ഉണ്ടായ ഒരു കേസിൽ ഭർത്താവിന്റെ മുതലിനു ഭർത്താവിന്റെയും കുട്ടികളുടെയും മരണശേഷം അന്യഭവനത്തു പുനർവിവാഹം ചെയ്തുപോയ ഭാര്യയെ അവകാശിയാക്കി കല്പിച്ചു. മുതൽ ഉടമസ്ഥന്റെ സഹോദരന്മാരും അവരുടെ സന്താനങ്ങളുമാണു ഇങ്ങനെയുള്ള അവസ്ഥയിൽ അവകാശികളായി തീരുക പതിവു. ഈ വാദപ്പെട്ട കേസിൽ കീഴ്മര്യാദയും നടത്തയും പ്രകാരമുള്ള അവകാശികൾ തള്ളപ്പെട്ടുപോകയും ഈ ഭവനം വിട്ടു അന്യഭവനത്തു അവകാശപ്പെട്ടുപോയ ഭാര്യ അവകാശിയാകയും ചെയ്തിരിക്കുന്നു. ഈ വിധി ഉജ്ജിതപ്പെടുന്നതായാൽ എത്ര കുടുംബം അവകാശമില്ലാതെപോകുന്ന അന്യസ്ത്രീകൾക്കു വശംവദമായി വരുമെന്നും എന്തുമാത്രം കുഴപ്പങ്ങൾ നേരിടുമെന്നും പറവാനുണ്ടോ. ഒരിക്കലും ഭേദപ്പെടുത്തുവാൻ പാടില്ലാത്ത ഒരു അവസാനവിധി ഹൈക്കോടതിയിൽ നിന്നു കല്പിച്ചിരിക്കുന്നതു ഇപ്രകാരമാണ.

ഇതുകൂടാതെ പറവൂർ ജില്ല അതൃത്തിയിൽ ഉൾപ്പെട്ടതും പറവൂർ കോട്ടിൽ ഒരു സുറിയാനിക്കാരനായ ന്യായാധിപതിയുടെ മുമ്പാകെ

വിസ്തരിക്കപ്പെട്ടതുമായ ഒരു വ്യവഹാരത്തിൽ ദത്തുപൊയവൎക്കു തന്റെ ആദ്യകുഡുംബത്തു മുതൽ അവകാശമില്ലെന്നു വിധിച്ചിരിക്കുന്നു. സുറിയാനികാരുടെ ദത്തു ഹിന്ദുക്കളുടെ ദത്തുപൊലെയാണെന്നു വരുത്തിയിരിക്കുന്നു. സുറിയാനി കുഡുംബങ്ങൾ ദത്തിനു പ്രവെശിക്കുന്നതു സ്വന്ത മുതലൊടുകൂടി കുറെക്കൂടെ അവകാശം കിട്ടുവാൻവെണ്ടിയാണെ മുമ്പിനാലെ ഉള്ള അവകാശത്തെ നശിപ്പിച്ചെച്ചല്ലല്ലൊ. ദത്തുകാർ അവൎക്കു ജന്മസിദ്ധമായിരിക്കുന്ന അവകാശം ദത്തുമൂലം ഉപെക്ഷിക്കണമെന്നുവന്നാൽ എത്ര കുഡുംബങ്ങളിൽ അന്തഃഛിദ്രം നെരിടുമെന്നു പറവാനുണ്ടൊ. ഇതിൽ പ്രത്യെകം വിചാരിപ്പാനുള്ളതു വിധിച്ചജഡ്ജി ഒരു സുറിയാനിക്കാരൻതന്നെയാണെന്നുള്ളതാണ. ഇദ്ദെഹം ബാല്യംമുതൽ മറ്റു നാടുകളിൽ താമസിച്ചിരുന്നതിനാൽ സുറിയാനിക്കാരുടെ നടപടിമനസ്സിലാകാഞ്ഞിട്ടൊ അവരുടെ അവകാശക്രമത്തിൽ ഒരുമറിച്ചിൽ വരുത്താണമെന്നു കരുതിയിട്ടൊ ഇങ്ങനെ ചെയ്തതെന്നു അറിഞ്ഞുകൂടാ. ഹൈക്കൊടതി ഈ കേസിൽ അവസാനവിധി കല്പിച്ചിട്ടില്ല. കൂടുതലായ ചില തെളിവുകൾ വാങ്ങിക്കുന്നതിനു റിമാണ്ടു ചെയ്തിരിക്കയാകുന്നു. ഇതിലും കുഴപ്പംനേരിട്ടതു അവകാശക്രമത്തെ വ്യക്തപ്പെടുത്തുന്ന നിയമം ഇല്ലാത്തതാണല്ലൊ.

മേൽപറഞ്ഞമാററങ്ങളെ എല്ലാററിനെക്കാളും ഗൌരവമായ വെറൊന്നു ഹൈക്കൊടതിയുടെ ബെഞ്ചിൽ എത്തിയിട്ടുണ്ടു. അതിൽ സഹൊദരസഹൊദരിമാർ ഉള്ള ഒരു ക്രിസ്ത്യാനികുഡുംബത്തിന്റെ മുതലിന്മെൽ സഹൊദരനും സഹൊദരിക്കും സമാവകാശം ഉണ്ടെന്നു ആലപ്പുഴ ജില്ലാകൊടതി നിശ്ചയിച്ചിട്ടുള്ള ഒരു വിധിമെൽ അപ്പീൽ ആണത്രെ. ഒരാൾക്കു പുത്രന്മാരും പുത്രിമാരും ഉണ്ടായിരുന്നാൽ പുത്രിമാരെ സ്ത്രീധനം കൊടുത്തു കെട്ടിച്ചയക്കയും പുത്രന്മാർ അവകാശപ്പെടുകയുമാണു പണ്ടുപണ്ടെയുള്ള നടപ്പു. മെല്പറഞ്ഞ കെസിൽ പെൺമക്കളെയും തുല്യ അവകാശികളാക്കിയിരിക്കയാകുന്നു. എന്നാൽ ഇതിൽ അവകാശപ്പെടുന്ന കക്ഷികൾ ലത്തീൻകാരാണെന്നും സുറിയാനി സമുദായത്തിൽപെട്ടവർ അല്ലെന്നും ഒരു ആശ്വാസം ഉണ്ടു. എങ്കിലും അവരിലും നടപ്പുള്ള ആചാരം നമ്മുടെതുപൊലെയിരിക്കെ അതിന്നെ ഈ വിധിയാൽ മാററംവരുത്തുന്ന സ്ഥിതിക്കു നാട്ടുക്രിസ്ത്യാനികൾ എന്നുള്ള അവസ്ഥയിൽ സുറിയാനിക്കാരിലും ഒരു തൎക്കം ഉണ്ടായാൽ ഈ വിധി ഉപയൊഗപ്പെടുത്തുവാൻ ഇടവന്നെക്കാം. ഈ കെസു ഹൈക്കൊടതിയിൽനിന്നു തീരുമാനിച്ചിട്ടില്ല.

മെല്പറഞ്ഞ ദൃഷ്ടാന്തങ്ങളാൽ സുറിയാനി ക്രിസ്ത്യാനികളുടെ അവകാശക്രമങ്ങൾ അല്പകാലത്തിനിടയിൽ കീഴ്മെൽ മറിച്ചുകളയുമെന്നു ഭയപ്പെടെണ്ടിയിരിക്കുന്നു അങ്ങനെ വരുന്നപക്ഷം അതിനെതുടൎന്നു എത്രവ്യവഹാരങ്ങൾ ഉണ്ടാകുമെന്നും എത്രഭവനങ്ങൾ നശിക്കുമെന്നും എത്ര അവകാശികൾ നിൎദ്ധനന്മാരായും എത്ര അനൎഹന്മാർ അവകാശികളായും തീരുമെന്നും പറയണമെന്നില്ല ഈ വിധം സംഭവിക്കുന്നതിൽ നാം കൊടതികളൊടു വക്കാണിച്ചതുകൊണ്ടു പ്രയൊജനമു

ന്നു പലജാതിക്കാരായ ജഡ്ജിമാരാൽ ആധിപത്യം വഹിക്കപ്പെടുന്ന കോടതികൾ നമ്മുടെ ക്രമം ശരിയായി അറിഞ്ഞിരിക്കണമെന്നു നിർബ്ബന്ധിക്കാമൊ. വ്യവസ്ഥയായ നിയമം ഉണ്ടായിരുന്നാൽ അവക്കു തെററിക്കൂടാത്തതാകുന്നു- അതില്ലാതിരിക്കുന്ന കാലത്തു ഇണ്ഡ്യൻ പിന്തുടച്ചാ ആക്ടൊ മററെ വല്ലജ്ജാതികളുടെയും നടപടിയൊ ക്ലിപ്തപ്പെടുത്തുന്ന ചട്ടങ്ങളൊ തരംപോലെ സത്യം ചെയ്യുന്ന സാക്ഷികളുടെമൊഴികളൊ അല്ലാതെ അവക്കു ആശ്രയിപ്പാനില്ലാതിരിക്കുന്നസ്ഥിതിക്കു കോട്ടുകാരെ കുററം പിടിക്കാവുന്നതല്ല- സുറിയാനിക്രിസ്ത്യാനികൾക്കു കാനൊനൻ ഉണ്ടെന്നുപറയുമായിരിക്കും- കാനൊനൻ അന്യഭാഷയിൽ ഇരിക്കുന്നു. അതു ഒരുവേള ഭാഷപ്പെടുത്തിയാലും ഈകാലത്തുത്ഭവിക്കുന്ന തക്കങ്ങൾക്കു ഒക്കയും പരിഹാരം അതിൽകാണുകയില്ല- കാനൊനൻതന്നെയും എല്ലാ സുറിയാനിക്കാരും സമ്മതിക്കയില്ല-

ആകയാൽ നമ്മുടെ അവകാശക്രമം സ്ഥിരപ്പെടുത്തുന്ന ഒരുനിയമം ഉണ്ടാക്കെണ്ട ആവശ്യകത മുമ്പെതന്നെ ഉണ്ടെങ്കിലും ഇപ്പൊൾ അത്യന്തം വർദ്ധിച്ചിരിക്കുന്നു- മുൻസിപ്പ ചെറിയാൻ ബി- എ- ബി- എൽ അവർകൾ ഒന്നു എഴുതിയുണ്ടാക്കിയിട്ടുണ്ടെന്നു കേൾവിയുണ്ടു- വേണ്ടിയിരുന്നാൽ വല്ലഭേദഗതിയൊടുകൂടി അതിനെ നിയമനിർമ്മാണസഭയിൽ നിന്നു പാസ്സാക്കപ്പെടുവാൻ ശ്രമിക്കെണ്ടതു അത്യന്തം ആവശ്യമാകുന്നു- എല്ലാവക സുറിയാനിക്രിസ്ത്യാനികളുടെയും പ്രതിപുരുഷന്മാർ ചേന്നു ഒരു സംഘം ഒരുസ്ഥലത്തുകൂടി ഈ നിയമത്തെ കഴിയുംമട്ടു നന്നാക്കിയശേഷം സുറിയാനിക്കാരുടെ പ്രതിപുരുഷനായി നിയമനിർമ്മാണസഭയിൽ ഇപ്പൊൾ ഇരിക്കുന്ന മ- രാ- രാ. കുരുവിള ഇഞ്ചെനീർ അവർകൾ മുഖാന്തരം സഭയിൽ ഹാജരാക്കിച്ചു പാസാക്കിക്കെണ്ടതാകുന്നു- ഒരുവേള പൊതുസംഘംകൂടുവാൻ തരമില്ലാത്തപക്ഷം ഇപ്പൊൾ എഴുതിയുണ്ടാക്കിയിരിക്കുന്ന നിയമം സഭയിൽ ഹാജരാക്കിക്കട്ടെ- അവിടെനിന്നു ഗസെററിൽ നകൽ പ്രസിദ്ധം ചെയ്യുമ്പൊൾ എങ്കിലും പ്രധാനന്മാരുടെ കണ്ണു തുറക്കും- അവർ ആവശ്യമെന്നുതോന്നുന്ന അഭിപ്രായങ്ങൾ സഭയിലെക്കു എഴുതി അയക്കും- അപ്പൊൾ ആവശ്യപ്പെട്ട ഭേദഗതികളൊടുകൂടി നിയമം നടപ്പാക്കപ്പെടുന്നതിനു എളുപ്പമുണ്ടു- അപൂർണ്ണമായിരുന്നാലും ഒരുനിയമം നടപ്പാക്കികഴിഞ്ഞാൽ അനുഭവംകൊണ്ടു ഭേദപ്പെടുത്തിക്കുകയൊ തിരുത്തിക്കയൊ ചെയ്യുന്നതിനു പ്രാരംഭത്തിലെപ്പൊലെ പ്രയാസം ഉണ്ടാകയില്ല- മെസ്സേർസ കുരുവിള അവർകൾ നിയമനിർമ്മാണസഭയിൽ ഇരിക്കുന്നകാലത്തു ഇതുസാധിക്കാത്തപക്ഷം ഈ സമുദായത്തിന്റെ ഒരു പ്രതിപുരുഷൻ സഭയിൽ ഇല്ലാതെ വരുന്നകാലത്തു അശെഷം സാധിക്കുന്നതല്ല- അതിനാൽ ഈ കാര്യത്തിൽ സമുദായ നായകന്മാരും അതിലെ പ്രധാനികളും ഉദ്യൊഗസ്ഥന്മാരും വിശേഷാൽ മെസ്സേർ കുരുവിള അവർകളും ഉററു ശ്രമിക്കെണ്ടതു ആവശ്യമാണെന്നു ഞങ്ങൾ പ്രത്യെകം ഓർപ്പിക്കുന്നു-

കല്യാണ വിരുന്നു (തുടൎച്ച)

വഴിയുടെ ദുൎഘടംനിമിത്തം 'ശുദ്ധമതി' 'ഉത്സാഹിയെ' പിരിഞ്ഞു തിരിച്ചുപൊന്നതിന്റെശേഷം 'അലസന്റെ'യും 'പിംനകി'യുടെയും കൂട്ടത്തിൽതന്നെ പിന്നയും വന്നുചെൎന്നു. അവരപ്പൊഴും മുമ്പിലത്തെസ്ഥലത്തുതന്നെ ഇരുന്നു തീകായുകയും പഴമ പറഞ്ഞു രസിക്കയും ആയിരുന്നു. എങ്കിലും അവരുടെ സംസാരത്തിലും മുഖഭാവത്തിലും അശേഷം സന്തൊഷമുണ്ടാകുന്നില്ലായെന്നും ആദിത്യൻ ഉദിച്ചുവരുംതൊറും അവർ ക്രമെണ ക്ഷീണപരിശ്രാന്തന്മാരായിതീരുന്നു എന്നും അവർ അവിടെനിന്നും എഴുന്നെറ്റു തങ്ങളുടെയാത്രയ്ക്കു ഒരിക്കലും പുറപ്പെടാൻ ഭാവമുള്ളവരല്ലന്നും ശുദ്ധമതി കണ്ടപ്പൊൾ മുന്നമെ ദൂതൻ തന്നൊടു കല്പിച്ചിട്ടുള്ളതിനെ ഓൎത്താറെ ഉത്സാഹിയെ പിരിഞ്ഞുപൊന്നതു വലിയ ബുദ്ധിമൊശം തനിക്കുആയിപ്പൊയി എന്നും ദൂതന്റെവാക്കിനെ പ്രമാണിച്ചു പ്രവൃത്തിക്കാഞ്ഞതു പരമാബദ്ധമായിപ്പൊയെന്നും വിചാരിച്ചു നിഷ്ണമായ ദുഃഖംപാരവശ്യത്താൽ ഒരുനിമിഷം അവിടെ തന്നെ വിചാരബുദ്ധിയായി നിന്നുപൊയി എന്നാൽ ഇങ്ങനെ വ്യസനിച്ചുനിന്നതുകൊണ്ടു ഇനി ഫലമില്ലന്നും ഈ നാസ്തികന്മാരുടെ കൂട്ടത്തിൽ നിന്നു വെഗം പിരിഞ്ഞില്ലങ്കിൽ ആശ എല്ലാം തീരെ പാഴായിപ്പൊകുമെന്നും വിചാരിച്ചു ഉത്സാഹിയെ അനുഗമിച്ചു ശൂന്യസ്ഥലത്തിലെക്കു തന്നെ ഏററവും ധൈൎയ്യത്തൊടു ചാടി വീണ്ടും യാത്രയാരംഭിച്ചു. എന്നാൽ ആവഴികൾഎല്ലാം അവനുമുമ്പിലത്തെതിലും വിഷമങ്ങളായിതൊന്നി എന്തെന്നാൽ വഴികൾ ഏററവും ഇടുങ്ങിയവയും മുൾപടൎപ്പുകളാൽ നിബിഡങ്ങളും ആയിരുന്നു എന്നു മാത്രമല്ലാ സൂൎയ്യരശ്മി നിരന്നിരയായി പ്രകാശിച്ചുകൊണ്ടിരിക്കയും വായുവിന്റെ സ്പൎശംപൊലും ഇല്ലാത്തവയും ആയിരുന്നു. അവിടെയെങ്ങും യാതൊരുവൃക്ഷങ്ങളുടെ ഛായയാകട്ടെ കുടിപാൎപ്പുള്ള വീടുകളാകട്ടെ ഉണ്ടായിരുന്നില്ലാ. ആകയാൽ അതിലെക്കൂടി കടന്നുപൊവാൻ പ്രയാസമെന്നു കണ്ടപ്പൊൾ ആ സാധു അവിടെനിന്നു ഉച്ചത്തിൽ കരഞ്ഞുപൊയി. ഇതു ഇവിടെ നിൽക്കട്ടെ.

അത്യന്തം ചൊടിപ്പൊടുകൂടി ചാടിപ്പുറപ്പെട്ട 'ഉത്സാഹി' കുഞ്ഞിന്റെ കഥ എന്തായി എന്നറിവാൻ വായനക്കാൎക്കു ആഗ്രഹം കാണുമല്ലൊ. എന്നാൽ ഈ സമയംകൊണ്ടു അവൻ എവിടെയായി എന്നു നിങ്ങൾക്കുതൊന്നുന്നു. ഹാ ശുദ്ധമതി അവന്റെ കൂട്ടുപിരിഞ്ഞതിന്റെശേഷം താൻ ഏകാകിയായി സഞ്ചരിക്കുന്നു എന്നുള്ള വിചാരത്താലും അവൻ ദുൎബ്ബലനായ ഒരു യുവാവുമാത്രം ആയിരുന്നതുകൊണ്ടും തനിക്കു പൊകെണ്ടവഴികൾ അപരിചിതങ്ങളാകയാലും ഉത്സാഹികുഞ്ഞിന്റെ ഹൃദയത്തിൽ അനല്പമായ ഒരു ചാഞ്ചല്യം ഉണ്ടായി. എങ്കിലും അതെല്ലാം അഗണ്യമായിവിചാരിച്ചു ദൂതന്റെ വാക്കിനെ മാത്രം വിശ്വസിച്ചുകൊണ്ടുനടന്നുതുടങ്ങി. എന്നാൽ ആദിത്യൻ ഉദിച്ചു നന്നാകിളൎന്നിരുന്നു വെയിലിനും ചൂടായിതുടങ്ങിയതിനാൽ അവനു ക്ഷീണവും ആലസ്യവും വരികയാൽ സമീപെകണ്ട ഒരു പുൽത്തകിടിയിൽ ഒന്നുരണ്ടു

ചെറിയ കാട്ടുകൾ ഉണ്ടായിരുന്നതിന്റെ തണലിൽ കിടന്നൊന്നുറങ്ങി
അസാരം ഒന്നു വിശ്രമിച്ചാൽ കൊള്ളാമെന്നു അവനു ഒരു മോഹം
തൊന്നി. അങ്ങൊട്ടു അടുത്തു ചെന്നപ്പൊൾ ആ തകടിയിൽ ഒരു സൎപ്പം
കിടന്നു കണ്ണുരുട്ടുന്നതു കണ്ടു അവൻ നന്നാ ഭയന്നു. ഇനിയും താൻ നി
ശ്ചയിച്ചസ്ഥലത്തു എത്തുന്നതുവരെ എങ്ങും ഇരിക്കയില്ലന്നു സങ്കല്പി
ച്ചുകൊണ്ടു അവിടെനിന്നും നടകയായി എന്നാൽ ചൂടുബഹുകഠിനമാ
യിരുന്നതിനാൽ വിശപ്പും അതിലധികം ദാഹവും തനിക്കുണ്ടായി. അ
പ്പൊൾ തന്റെ ഭാണ്ഡമഴിച്ചു "കുബ്ബാന" എന്ന അപ്പത്തിൽ ഒരു
കഷണം എടുത്തു ഭക്ഷിച്ചു. ഭക്ഷിച്ചുകഴിഞ്ഞപ്പൊൾ പകൽ ആദിത്യനു
എങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ലാ എ
ന്ന ഒരു അശരീരവാക്കു അവന്റെ കൎണ്ണദ്വാരത്തിൽ തിങ്ങികയറി അ
നന്തരം ആശ്വാസത്തൊടെ അവൻ മുമ്പൊട്ടു ശീഘ്രം നടന്നു. നടന്നു
പൊകുമ്പൊൾ വഴിയുടെ ഇരുഭാഗങ്ങളിലും അഗാധമായ കുഴികളും
നിരത്തി കണികളും കുരുക്കളും വച്ചിരിക്കുന്നതുകണ്ടു. ചില കുഴിയുടെ
വക്കത്തു മണ്ണുഇടിഞ്ഞു ഇളകി കിടക്കുന്നതു കണ്ടാൽ ആരൊ അതിൽ വീ
ണതിന്റെ ശേഷം കരകേറുവാൻ എത്രമാത്രം പ്രയത്നിച്ചു എന്നുള്ള
ഇതിനു നല്ലസാക്ഷിയായിരുന്നു. അതല്ലാതെ അസ്ഥികൾ പൊലെ വെ
ളുത്ത ഏതാണ്ടു ആ കുഴിയിൽ അങ്ങുമിങ്ങും കിടന്നതു ഒന്നൊരണ്ടൊ ത
വണ കണ്ടു എന്നും അവനു തൊന്നി. നെരം ഇരുട്ടുന്നതിനുമുമ്പെ ഈ ദു
ഷ്ടവഴികടപ്പാൻ സംഗതിയായതിനെക്കുറിച്ചു അപ്പൊൾ ആയിരുന്നു
അവനു മനസ്സിൽ അധികം നന്ദിതൊന്നിയതു. ഇവിടെനിന്നും കുറെ
ദൂരം നടന്നുചെന്നപ്പൊൾ വഴിയുടെഇടത്തു ഭാഗത്തുള്ളപള്ളകാട്ടിൽ
ഏതാണ്ടൊ അനങ്ങുന്നുണ്ടെന്നു അവനു തോന്നി. അവൻ നല്ല സൂക്ഷ്മബു
ദ്ധിയായ ഒരുയുവാവായിരുന്നതിനാൽ വല്ല ആപത്തുകളും വന്നെക്കു
മെന്നു കരുതി തലപൊന്തിച്ചുനൊക്കിയപ്പൊൾ അതൊരു ഘോരജന്തു
വാണെന്നു അവനുമനസ്സിലായി ഒരാശ്രയം ഇല്ലാത്ത ആ വൻകാട്ടിൽ
വച്ചു ഏകാകിയായ ഇവന്റെ സ്ഥിതി അപ്പൊൾ എന്തായിരിക്കണം.
അനുക്രമേണ അടുത്തുവരികയും നിൎദ്ദയമായി ഇവന്റെ നേരെ കണ്ണു
രുട്ടുകയും പല്ലുഞെറുമ്മുകയും ചെയ്യുന്നതുകണ്ടപ്പോൾ അവശ്യം താനിതി
നു ഇവിടെവച്ചു ഇരയായി തീരുമെന്നു അന്ധാളിച്ചു വിഷണ്ണനായി
അല്പനേരത്തേക്കു അവിടെ സ്തംഭിച്ചു നിന്നുപോയി. തൽക്ഷണം അവ
ൻ വടിവാളിന്റെ ശക്തിഓൎത്തു- "തിന്മപെട്ടവനിൽനിന്നു എന്നെര
ക്ഷിക്കേണമെ" എന്നു പ്രാൎത്ഥിച്ചുകൊണ്ടു അതു വടിയിൽനിന്നു വലി
ച്ചൂരിയപ്പോൾ അതിന്റെ മിന്നൽ കണ്ടിട്ടൊ എന്തൊ എനിക്കറിഞ്ഞുകൂ
ടാ ആ ദുഷ്ടമൃഗം ഒരുവലിയ അലൎച്ചയോടുകൂടി തിരികെ കാട്ടിലെക്കു ത
ന്നെ എടുത്തു ചാടി. ഉടനെ ഉപവാസംകൊണ്ടും പ്രാൎത്ഥനകൊണ്ടുമ
ല്ലാതെ ഈവക ജന്തു നീങ്ങിപ്പൊകയില്ല" "പിശാചിനൊടു എതിൎത്തു നി
ല്ക്കെ എന്നാൽ അവൻ നിന്നിൽനിന്നു ഓടിപ്പൊകും" എന്നു കൎണ്ണാനന്ദ
കരമായ സ്വരത്തിൽ ഒരുശബ്ദം കേട്ടു എന്നു അവനു തൊന്നി. അവിടെ
നിന്നും അവൻ ഹൃദയാഹ്ലാദത്തൊടെ മുമ്പൊട്ടു കുതിച്ചു നടന്നാറെ പി

ന്നെ ഒരു നദി തീരത്തുവന്നാണ വശായതു- ഇതിലെ ജലം നീലവൎണ്ണമുള്ളതും ഒഴുക്കും മലരിയും അത്യന്തം കഠിനമായിട്ടുള്ളതുമാകുന്നു- ഈ നദിയുടെ കിടപ്പും ഭാവവും കണ്ടാൽ എത്ര ഗംഭീരാശയന്മാൎക്കും സംഭ്രമം തൊന്നാതിരിക്കയില്ല- ഇതിലിറങ്ങി ക്ഷെമത്തൊടു കരക്കയറിയിട്ടുള്ള യാത്രക്കാർ വളരെ ദുൎല്ലഭമാണെന്നാണ ഒരു കേൾവിയുള്ളതു- ഈ വഴിയെ നടന്നും ഈ കടവുകടന്നും ചെല്ലുന്നവൎക്കല്ലാതെ യാതൊരുത്തൎക്കും മഹത്തായ കല്യാണ ഗൃഹത്തിലെത്തുവാൻ കഴിവുണ്ടാകുന്നതല്ലത്രെ- ഈ നദിക്കൊരു പേരുമുണ്ടു- അതു “മരണം” എന്നാകുന്നു- കല്യാണക്ഷണനത്തിന്ന വന്നിരുന്നതാൽ ഈ ആറിനെപ്പറ്റിയുള്ള വിവരങ്ങൾ വിസ്തരിച്ചിട്ടുണ്ടായിരുന്നതു ഉത്സാഹിക്കുഞ്ഞനു നല്ലഓൎമ്മയുണ്ടായിരുന്നതിനാൽ ഇതിലെ ഭയപ്പാടൊന്നും അവനത്രക്കുട്ടാക്കിയില്ല- സാരമായ കാൎയ്യങ്ങൾ ഒരാൾ പ്രവൃത്തിക്കാൻ ഭാവിക്കുമ്പൊഴത്തെപ്പോലെയുള്ള കരുതലായ ഒരുക്കങ്ങളോടുകൂടി ദീൎഘശ്വാസമിട്ടു അരയുംതലയും മുറുക്കി തനിക്കുസ്നേഹിതന്മാരായി ഉപയോഗിച്ചുപോന്ന വാളും ഭാണ്ഡവുമെല്ലാം വച്ചുകെട്ടി നമ്മുടെ ഉത്സാഹിക്കുഞ്ഞു ഈ നദിതരണത്തിനായി ആരംഭിച്ചു- എന്റെ ആദ്യനോട്ടത്തിൽ ഇവൻ അത്ര പ്രയാസവും ബിംബിഷവും കൂടാതെതന്നെ കരയ്ക്കു കയറുമെന്നു ഞാൻ വിചാരിച്ചു- എന്തെന്നാൽ ആ മാതിരി നീന്തിന്നു അത്രതാമസം വേണ്ടിവരികയില്ലെന്നു ഞാൻകണ്ടു- എന്നാൽ കലാശം അങ്ങിനെയല്ലാ അവസാനിച്ചതു- പാവം! ഒട്ടുവളരെ നീന്തി മിക്കവാറും കരയോടടുക്കാറായപ്പോൾ എങ്ങനെയൊ ഒരു മലരിയിൽ വീണു താണുപോകാൻ സംഗതിയായി. ഒന്നു രണ്ടുവിനാഴികആയിട്ടും പൊങ്ങികാണായ്കയാൽ ഇവന്റെകാൎയ്യം പോകാറിലേറ്റായി എന്നുഞാൻ ഉറച്ചു. ഒടുവിൽ അവൻ ഇതാ താഴത്തെ ഒരുവളവിൽ കിടന്നു ഇങ്ങനെ നിലവിളിക്കുന്നതു കേട്ടു- “വെള്ളം വീഞ്ഞാക്കികൊടുപ്പാൻ തന്റെഓമനമകനെ കാനായിൽ വച്ചുസമ്മതപ്പെടുത്തിയ തമ്പുരാന്റെ അമ്മെ പാപിയായ എന്നെ ഈ ചുഴലിയിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്നും പിടിച്ചുകേറുവാൻ നിന്റെ പുത്രനെ ഇനിക്കു പറഞ്ഞയക്കേണമെ” എന്നായിരുന്നു- ഉടനെ ഇതിന്നുത്തരം എന്നപോലെ “നീ പ്രളയജലത്തിൽ കൂടി പോയാലും അതു നിന്നെ കവിക്കയില്ല” എന്നു കാഹളത്തിൽ എന്നപോലെ ഒരുശബ്ദംകേട്ടു- ആരാണ തന്നെ ഇപ്രകാരം സാന്ത്വനവചസ്സുകളെക്കൊണ്ടു സമാശ്വസിപ്പിക്കുന്നതെന്നറിവാനായി മേല്പോട്ടു ദൃഷ്ടി ഉയൎത്തിയപ്പോൾ സ്വൎണ്ണമയമായ ഒരുപുരദ്വാരം തന്റെനേരെ തുറന്നിരിക്കുന്നതു അവൻ കാണുന്നുഎന്നുതോന്നി- അതിൽ അസംഖ്യം സ്വൎഗ്ഗീയസേനകളെയും അവരുടെ നടുവിൽ “സൂൎയ്യനെധരിച്ചും ചന്ദ്രനെ മെതിച്ചും പന്ത്രണ്ടു നക്ഷത്രങ്ങൾകൊണ്ടുണ്ടാക്കിയ ഒരുകിരീടം ചൂടിയ” ഒരു സ്ത്രീയെയും കാണുന്നു- താൻ ക്ഷീണിച്ചുവരുന്ന വരവുനോക്കികൊണ്ടു തന്നെ താങ്ങാനുള്ളഭാവത്തിൽ അവൾ നിൽക്കയാകുന്നുഎന്നും അവൻ ഊഹിച്ചു- ഇവരിൽ ചിലർ എരിയുന്ന അഗ്നിപോലെയുള്ള കിരീടങ്ങളെ ധരിച്ചു സഞ്ചരിക്കുന്നുണ്ടെന്നും അവനു തോന്നി- അപ്പോൾ ഹൃദയം സന്തോഷ

പരിപൂൎണ്ണമായി തീരുന്നു- അവരുടെ മദ്ധ്യത്തിൽ എളുപ്പം എത്തണമെന്നുള്ള വാഞ്ഛയാൽ അവൻ ഇതാ നീന്തിത്തുടിക്കുന്നു- എന്നാൽ കാലിന്റെ കുഴപ്പംകൊണ്ടു നീന്തിനു അത്ര വേഗതയുണ്ടാകാതെ അവൻ കിടന്നു കുറഞ്ഞൊന്നു പരുങ്ങുന്നു- ഒടുവിൽ ഇതാ അവൻ സന്തോഷചിത്തനായി കരകയറിവരുന്നു- അപ്പോൾ അവന്റെ മുമ്പാകെ ഇതാ നിൎമ്മലമായ ഒരുവഴി കാണപ്പെടുന്നു- അവൻ അതിലെക്രൂടി ഓടുന്നു- അനന്തരം ഇതാ വിശാലമായ ഒരു പന്തലിൽ വന്നു ചേരുന്നു- അതെ ഈ പന്തലിനു ഒരു പേരുള്ളതും ‘പറുദീസാ’ എന്നാകുന്നു- അവിടെ അവൻ എത്തിയ ഉടനെ വിരുന്നുപ്രമാണി ഒരുമുടിവരുത്തി അവന്റെ തലയിൽവച്ചു- അതു വൈരവും പുഷ്പരാഗവുംപോലെ ശോഭയുള്ളതായിരുന്നു- “നീ മരണംവരെ വിശ്വസ്ഥനായിരിക്ക, ഞാൻ നിനക്കു ജീവന്റെ കിരീടംതരും”- എന്നു തങ്കഅക്ഷരത്തിൽ അതിന്റെ വക്കിൽ കൊത്തിയിരുന്നു- അനന്തരം അവിടെയുണ്ടായിരുന്ന ഭാഗ്യക്രൂട്ടങ്ങൾ എല്ലാം അവനു ചുറ്റുംവന്നുനിന്നു ആനന്ദസല്ക്കാരം ചെയ്യുവാൻ തുടങ്ങി- അപ്പോൾ അവന്റെമുഖം ശാണഘൎഷണം ചെയ്യപ്പെട്ടതായ യസ്ഫികല്ലുപോലെ ശോഭിച്ചു- അവന്റെ ഹൃദയവും ആശാശോഭകളെകൊണ്ടുവിങ്ങി- അപ്പോൾ അവൻ വഴിയുടെദൂൎഘടവും വെയിലിന്റെ ചൂടും കാട്ടുമൃഗങ്ങളുടെ കണ്ണും നദിയിലെ ചുഴലിയും ഒന്നും സാരമുള്ളതല്ലെന്നു വിചാരിച്ചു-

ഇങ്ങനെയിരിക്കുമ്പോൾ ഒരുദിവസം വിലസുന്ന മുഖകവനങ്ങളോടുക്രൂടിയ ഒരാൾ വന്നു നമ്മുടെ ഉത്സാഹിക്കുഞ്ഞിനെ ഈ മഹാത്മമേറിയ സംഘത്തിൽനിന്നും ഇതിലും മഹത്തായ അകത്തെ മണവറയിലേക്കു ക്രൂട്ടിക്കൊണ്ടുപോയി- അതിലെ വിശേഷങ്ങൾ എന്തെല്ലാമാണെന്നു വെളിക്കുനിന്നു അറിഞ്ഞുക്രൂടാത്തതിനാൽ അവനു അവിടെ എന്തെല്ലാം സംഭവിച്ചു എന്നു പറവാനുള്ള പ്രാപ്തി ഇനിക്കില്ല

എന്നാൽ ആ ഭാഗ്യക്കൂട്ടത്തിൽനിന്നു ഇവനെമാത്രം വിളിച്ചു അകത്തുകടത്തിയതിന്റെ ഉദ്ദേശ്യം എന്താണെന്നറിവാൻ ഇനിക്കൊരു മോഹം തോന്നി. ഒട്ടുംതാമസിയാതെ അതിനുകാരണം ഞാൻഅറിഞ്ഞു- നമ്മുടെ ഉത്സാഹിക്കുഞ്ഞിനു വേണ്ടി തന്റെ കൊച്ചുപെങ്ങൾ കുഞ്ഞന്നാമ്മ വിശ്വാസത്തോടു കുൎബ്ബാന അണപ്പിക്കുകയും ജാഗ്രതയായി പ്രാൎത്ഥന, ധൎമ്മങ്ങൾ മുതലായവ ചെയ്കയും ചെയ്തതിന്റെ ഫലമായിട്ടാണു തന്റെ സഹോദരനു ഈ ഉയൎച്ച പ്രാപിപ്പാൻ സംഗതിയായതെന്നു ഇനിക്കു മനസ്സിലായി- ഇങ്ങിനെയാണു ഉത്സാഹിക്കുഞ്ഞിന്റെ കഥ- ഇനി പറവാനുള്ളതു ശുദ്ധമതിയെക്കുറിച്ചാണല്ലൊ- അതും ഇതുപോലെ മറ്റൊരവസരത്തിലാകാം- കെ-

ലേഖനദൈൎഘ്യം കഴിയുംമട്ടും കുറയ്ക്കുവാൻ ശ്രമിക്കണം—പ.

സൂചനകൾ

കൽസ്സാൻ—സുറിയാനി കൎമ്മപുസ്തകങ്ങൾ അച്ചടിക്കുന്നതിൽ തൎജ്ജമ കൽസ്സോൻ അക്ഷരത്തിൽ ചേൎത്താൽകൊള്ളാമൊ എന്ന അഭിപ്രായം അറിവാൻ ഒരുപട്ടക്കാരൻ കഴിഞ്ഞ ഒരു പത്രികയിൽ എഴുതിയിരുന്ന ലേഖനത്തിനു കിട്ടിയിട്ടിൽ ഒരു മറുപടി കഴിഞ്ഞപത്രത്തിൽ ചേൎത്തിരുന്നല്ലൊ. വേറെരണ്ടുകൂടെ വന്നിട്ടുണ്ടു. താല്പൎയ്യം ഒന്നുതന്നെയാണ്- ഞങ്ങളും ഈ ലേഖകന്മാരുടെ അഭിപ്രായത്തിലാണ ചേൎന്നിരിക്കുന്നതു. കൽസ്സോൻഅക്ഷരത്തിൽ തൎജ്ജമ ചേൎത്താൽ ആ പുസ്തകം ഉപയോഗപ്പെടുത്തുവാൻ ആൾ ഉണ്ടാകുന്നതു പ്രയാസമാണ്- അച്ചടിപ്പിക്കുന്ന ആളും പുസ്തകം വിറ്റു മുതലെടുക്കാൻ കുറെ പ്രയാസപ്പെടേണ്ടി വരും.

❖ ❖ ❖

സിമ്മനാരിപ്പള്ളി—പഴയസിമ്മനാരി പള്ളിയോടുചേൎന്നു ഏതാനും പണികഴിച്ചിട്ടിരിക്കുന്ന മട്ടുംവഹായുടെതാ ഈസ്ഥിതിയിൽ കിടക്കുവാൻ തുടങ്ങിയിട്ടു ൫൰ വൎഷത്തിൽ മേലായിരിക്കണം. അതിനിടയിൽ മഹാന്മകമന്മാരായ പല മെത്രാന്മാരും ഭരിക്കയും മരിക്കയും ചെയ്തിട്ടുണ്ടു- പള്ളികളുടെ ഭണ്ഡാരങ്ങൾ പൊളിച്ചു അടവെകൊണ്ടുപോന്നവരും ഉണ്ടായിരുന്നു- ഇതുവരെ ഈശൂന്യസ്ഥലം ആരുടെയും ദൃഷ്ടിക്കു പാത്രീഭവിക്കാഞ്ഞതു ഭാഗ്യഹീനതയെന്നെ പറവാനുള്ളു- ഇപ്പോൾ ഇടെ ഈ പണിയും ആരംഭിച്ചിട്ടുണ്ടു- പതിനായിരത്തോളം കല്ലുവെട്ടിയിറക്കി പണിതുടങ്ങിയിരിക്കുന്നു. പരജനസഹായമാണ ഇതിനും പ്രധാന ആശ്രയമെന്ന പറയേണ്ടതില്ലല്ലൊ- വന്ദ്യദിവ്യശ്രീ പൌലൂസു റമ്പാച്ചൻ അവൎകളാണ ഇതിന്റെ ചുമതലവഹിക്കുന്നതു- സുറിയാനി സമുദായത്തിന്റെ തലസ്ഥാനപ്പള്ളിയാകകൊണ്ടു യഥാശക്തി എല്ലാവരും സഹായം ചെയ്യണമെന്ന അപേക്ഷിക്കുന്നതു അയുക്തമല്ലല്ലൊ- മനസ്സുള്ളവർ റമ്പാച്ചൻ അവൎകൾക്കു എത്തിച്ചുകൊടുത്താൽ ശരിയായി ഉപയോഗപ്പെടുത്തുന്നതാണ.

❖ ❖ ❖

വട്ടിപ്പണം—ഇതിനെസംബന്ധിച്ചു മുതൽപറ്റുകയൊ പലിശചുരുക്കി ഏൎപ്പാടു ചെയ്കയൊ ചെയ്വാൻ മനസ്സുണ്ടൊ എന്ന മദ്രാസ് ഗവൎമ്മെണ്ടിന്റെ ആവശ്യപ്രകാരം റെസിഡണ്ടുസായ്പു അവൎകൾ നി-വ-ദി- ശ്രീ- മാർ ദീവന്നാസ്യൊസ്സ മെത്രാപ്പോലീത്താ തിരുമനസ്സിലോടു എഴുതിചോദിച്ചു- ഈമുതൽ നൂറ്റുക്കു എട്ടുവീതം പലിശയ്ക്കു നിത്യഏൎപ്പാടായി ഗവൎമ്മെണ്ടും സുറിയാനിസഭയുടെ മെത്രാന്മാൎതമ്മിൽ പരസ്പരം ഉടമ്പടിചെയ്തു വട്ടിയ്ക്കിട്ടിരിക്കുന്നതും താൻ സമുദായത്തിന്റെ ഒരു ട്രസ്റ്റി എന്നനിലയിൽ ഇരിക്കുന്നസ്ഥിതിക്കു ട്രസ്റ്റിനു ദോഷം വരുത്തുന്നതായ ഒരു പ്രവൃത്തി ചെയ്വാൻ തനിക്കു സ്വാതന്ത്ര്യമില്ലാതിരിക്കുന്നതും അല്ലാതെ ചെയ്യുന്നതായാൽ തന്റെ നിലയ്ക്കു ഹാനിയും സമുദായത്തിനു തന്റെ മേലുള്ള വിശ്വാസത്തിനു ഭംഗവും വരുന്നതും ആകകൊണ്ടു ഗവൎമ്മെണ്ടിന്റെ ഈ അപേക്ഷയ്ക്കു സമ്മതിപ്പാൻ നിവൃത്തിയില്ലാത്തപ്രകാരം തിരുമനസ്സുകൊണ്ടു മറുപടി അയച്ചതായി അറിയുന്നു- നവീകരണക്കാരിൽ ചിലർ ഈ വാൎത്തകേട്ടു പലിശചുരുക്കി ഏൎപ്പാടു ചെയ്വാൻ സമ്മതമുള്ളപ്രകാരം കമ്പി അടിച്ചിരിക്കുന്നതായി കേൾക്കുന്നു- അതു വാസ്തവമായിരുന്നാൽ, നടുവെ പിളൎന്ന പങ്കിടുവാൻ ശ്ലോമോൻ വിധിച്ച കുട്ടിയുടെ തള്ളയല്ലാതിരുന്ന സ്ത്രീയുടെ പ്രവൃത്തിയെന്നല്ലാതെ ഇതിനെക്കുറിച്ചൊന്നും പറവാനില്ല.

❖ ❖ ❖

ഒരുപട്ടക്കാരന്റെ അപേക്ഷ—ആയിരാമാണ്ടുക്കു മുമ്പു നെല്ലിനു പറയ്ക്കു രണ്ടു ചക്രം വിലയുണ്ടായിരുന്ന കാലത്തു ഒരു കുൎബ്ബാനയ്ക്കു ൩ ചക്രം വീസുവച്ചിരുന്ന നിരക്കു നെല്ലിനു പറയ്ക്കു ൧൨ ചക്രം വിലവന്നിട്ടും സകലവേലയ്ക്കും കൂലികൂടിയിട്ടും യഥാസ്ഥിതിയിൽനിന്നു ഭേദപ്പെടുത്താത്തതിനെക്കുറിച്ചു ഒരു സുറിയാനിപട്ടക്കാരൻ ദീൎഘമായി ഒരുലേഖനം അയച്ചിരിക്കുന്നു- ഞങ്ങൾ ഇതിനെക്കുറിച്ചു ഒന്നിലധികം പ്രാവശ്യം ഈപത്രത്തിൽ പ്രസ്താവിച്ചിട്ടുള്ളതാകയാൽ ഇപ്പോൾ ഒരുസൂചനമാത്രം മതിയാകുമെന്ന വിചാരിക്കുന്നു- ഈലേഖകന്റെ അഭിപ്രായത്തിൽ മരിച്ചവരുടെപേൎക്കും നേൎച്ചയായുമുള്ള കുൎബ്ബാനകൾക്കു ഒരുരാശിയിൽ കുറയാതെയും കമ്പസാരക്കാരുടെ കുൎബ്ബാനയ്ക്കു പഴയസ്ഥിതിയിൽ ഒരുപണവും നിരക്കുവച്ചു മേല്പട്ടക്കാർ ഒരു സൎക്കുലർ അയക്കണമെന്നാകുന്നു- ഉതൊളം അനുപകാരമല്ലെന്നാണ ഞങ്ങളുടെ അഭിപ്രായം.

ക്രിസ്തുമസ് — ഈയ്യാണ്ടത്തെ ക്രിസ്തുമസ് ഇംഗ്ലീഷുകാർ വിശേഷ വിധത്തിൽ ആഘോഷിക്കയുണ്ടായി- തിരുനക്കരയും ചാലിയക്കുന്നിലും ഉള്ളവർ രണ്ടു ഭാഗമായി ഒരുവക മത്സരത്തിൽ തീവെട്ടി, വെടി, വാദ്യം, കൊടി, കൊട മുതലായ ആഘോഷങ്ങളോടുകൂടി പ്രദക്ഷിണങ്ങളും പാട്ടുകളും നടത്തി- ഒന്നു രണ്ടു ക്രൂശ് മാത്രം കാവുണ്ടായിരുന്നു. അവ "അച്ചന്റെ മുമ്പിലിട്ടു ആട്ടുന്ന എന്തോ ഒന്നും മുമ്പിൽ പിടിക്കുന്ന വിലങ്ങുതടിയും" തന്നെ- ഈ ആഘോഷത്തിലും അതിലെക്കുണ്ടായ പണപ്പിരിവിലും സ്ഥലത്തെ നവീകരണക്കാരും ചെന്നാട്ടുകൊണ്ടു സുറിയാനിക്കാരുടെ ക്രിസ്തുമസിനും ഒരു തുല്യ ഘോഷം ഉണ്ടായിരുന്നു. സുറിയാനിക്കാരുടെ പെരുനാളുകളെയും ആഘോഷങ്ങളെയും മൂഢതകളായി വിചാരിച്ചു ആക്ഷേപിക്കുന്ന ഇവർ ഇതിനെ കൊണ്ടാടുവാൻ തുടങ്ങിയിരിക്കുന്നതു ആശ്ചര്യം. "വ്യഭിചാരം ചെയ്യരുതെന്നു പറയുന്ന നീ തന്നെ വ്യഭിചാരം ചെയ്യുന്നുവൊ" എന്നുള്ള വചനം ഇവരോടു ചേരുകയില്ലയൊ എന്നു സംശയിക്കുന്നു.

❖ ❖ ❖

ഒരു അപകീർത്തികേസ് — കഴിഞ്ഞ പത്രികയിൽ "ഒരു വ്യവഹാരം" എന്ന തലവാചകത്തിൽ ചേർത്തിരുന്ന പ്രസ്താവന അപകീർത്തിയാണെന്നു പറഞ്ഞു സ്ഥലം മുൻസിപ്പുകോട്ടിലെ ഒരു വക്കീൽ ഞങ്ങൾക്കു ഇയ്യിടെ ഒരു നോട്ടീസയക്കയുണ്ടായി. അപകീർത്തിയുടെ സ്വഭാവം വിവരപ്പെടുത്തികിട്ടുവാൻ ഞങ്ങൾ മറുപടി അയച്ചു. പിന്നെ ഒന്നും എഴുതിവന്നില്ല. അപകീർത്തിയുടെ സ്വഭാവം ഒന്നു വ്യക്തപ്പെടുത്തി പറഞ്ഞാൽ കൊള്ളാമെന്നു ഞങ്ങൾക്കു ആഗ്രഹമുണ്ടായിരുന്നു- ആദ്ദേഹം ആവശ്യപ്പെടുന്നപക്ഷം അതിനു ഞങ്ങൾ തയ്യാറായിരിക്കുന്നു.

❖ ❖ ❖

പുതിയ പ്രസംഗി — റസ്സൽ എന്നൊരു പാദ്രിസായ്പു ഇയ്യിടെ സ്ഥലത്തെ ഇംഗ്ലീഷുപള്ളിയിൽ പ്രസംഗങ്ങൾ നടത്തിയിരിക്കുന്നു. ഡേവീഡിനെപ്പോലെയുള്ള ലഹളകളും വിശക്കലും ഒന്നുമില്ലായിരുന്നു. (ആലപ്പുഴ ആംഗ്ലിയാ പള്ളിയിൽവച്ചു ഇദ്ദേഹം പറഞ്ഞ പ്രസംഗത്തിൽ ഇവയൊക്കയും ഉണ്ടായിരുന്നു എന്നു "സാവിത്രിമിത്രം" പറയുന്നു) ഒരു ദിവസം പ്രസംഗത്തിൽ ഒരു ചരിത്രം പറഞ്ഞതു ആംഗ്ലിയാക്കാരായ കേൾവിക്കാർ ശ്രദ്ധവച്ചു കേട്ടിട്ടുണ്ടെങ്കിൽ വളരെ നന്നായി. ആ കഥ എന്തെന്നാൽ- "ഒരു സ്ഥലത്തു കുറെ കുട്ടികൾ ക്രിക്കറ്റ് (പന്തു) കളിച്ചു- ജയശാലിയായി ഭവിച്ച കുട്ടിയെ ശേഷം കുട്ടികൾ തോളിൽ എടുത്തു ആഘോഷമായി പ്രദക്ഷിണം ചെയ്തു അവരുടെ ഗുരുഭൂതൻ കണ്ടു കുട്ടിയെ ആക്ഷേപിച്ചപ്പോൾ കുട്ടി പറഞ്ഞ മറുപടി എന്റെ അപ്പൻ കുരുടനായിരുന്നു മരിച്ചുപോയി- ഇപ്പോൾ കണ്ണുതുറന്നവനായിരിക്കുന്നു. എന്റെ ജയത്തെക്കണ്ടു സന്തോഷിക്കും" ഈ കഥ ഉദാഹരണമാക്കി ദൈവത്തിന്റെ ദൃഷ്ടിയെക്കുറിച്ചു പറകയുണ്ടായി. ആ കഥ അംഗീകാര്യമായി വിചാരിക്കുന്നപക്ഷം മരിച്ചവർ ജീവികളുടെ സ്ഥിതിയെ അറിഞ്ഞുകൊണ്ടിരിക്കുന്നു എന്നാണല്ലൊ വിചാരിക്കേണ്ടതു. പിന്നെ അവരോടു പ്രാർത്ഥിച്ചാലത്തെ ദോഷം എന്തായിരിക്കുമൊ.

❖ ❖ ❖

ഇടവകപത്രിക — ഈ മാസത്തോടുകൂടെ പത്രികയുടെ ൩-ാം വയസ്സു തികയുന്നു. അടുത്ത പത്രികമുതൽ ഒരു പരിഷ്കാരം ആലോചിച്ചിട്ടുണ്ടു- സുറിയാനിപട്ടക്കാർ അവരുടെ കർമ്മഭാഷയായി സുറിയാനി ഏറക്കുറെ ഉപയോഗിച്ചു വരുന്നു എങ്കിലും പൂർണ്ണ അറിവുള്ളവർ തുലോം അപൂർവ്വമാണ. അറിവുള്ളവരും പ്രയോഗിക്കാത്തതുകൊണ്ടു അതിനെ വർദ്ധിപ്പിക്കുന്നില്ല. അതിനാൽ പട്ടക്കാരുടെ ഉപയോഗത്തിനും ഭാഷയുടെ അഭിവൃദ്ധിക്കും വേണ്ടി രണ്ടുപെയിജിൽ അധികപ്പെടാതെ പത്രസ്ഥലം സുറിയാനിഭാഷയിൽ പ്രസംഗങ്ങളൊ വർത്തമാനങ്ങളൊ കവിതകളൊകൊണ്ടു പൂരിപ്പിക്കപ്പെടണമെന്നു ആലോചിച്ചുവരുന്നു. സുറിയാനിയിൽ ഗദ്യങ്ങളായും പദ്യങ്ങളായും എഴുതാവുന്നവർ എഴുതിയയച്ചാൽ തങ്ങൾക്കും വായനക്കാരായ പട്ടക്കാർക്കും ഉപകാരികളായിരിക്കും. കൊച്ചച്ചന്മാരും വിദ്യാർത്ഥികളായ ശെമ്മാശന്മാരും കൂറെശ്ശ എഴുതുവാൻ ശ്രമിച്ചാൽ നന്നു.

❖ ❖ ❖

ലേഖകന്മാർ ഗ്രഹിപ്പാൻ — വ്യക്തമായ കയ്യക്ഷരത്തിൽ അനക്ഷരങ്ങൾകൂടാതെ കടലാസിന്റെ ഓരോ വശത്തുമാത്രം എഴുതിയും ൧൫-ാം നു-ക്കകം ഇവിടെ എത്തത്തക്ക വിധവും ലേഖനങ്ങൾ അയച്ചു തരേണ്ടതാണ് — ഇ- പ- പ-

വിശേഷവൎത്തമാനങ്ങൾ

ഇൻഡ്യാ ഇംഗ്ലീഷു ഭരണത്താൽ ക്രമേണ നശിക്കുകയാണെന്നു അനേകം സംഗതികളും ന്യായങ്ങളും കാണിച്ചു ഒരു ഇംഗ്ലീഷുകാരൻതന്നെ ഒരു ഇംഗ്ലീഷുപത്രത്തിൽ എഴുതിയിരിക്കുന്നതായി കാണുന്നു

❖ ❖ ❖

കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടും തിരുവിതാംകൂർ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടും ഡിസംബർ ൨൩-ാം നു- അവരവരുടെ പരിവാരങ്ങളോടു കൂടി മദ്രാസിൽ ചെന്നെത്തിയിരിക്കുന്നു.

❖ ❖ ❖

"ഇപ്പോൾ എത്തിയ നവവത്സര സ്ഥാനമാനപ്പട്ടിക പ്രകാരം ദിവാൻ ശങ്കരസുബ്ബയ്യർ ഇൻഡ്യാ എമ്പയറിന്റെ ഒരു കമ്പാനിയൻ (ഇൻഡ്യാ മഹാരാജ്യ സംഘാതി) ആക്കപ്പെട്ടിരിക്കുന്നു".

❖ ❖ ❖

കൊച്ചി സൎക്കാർ വക മലയാം ശാട്ട പട്ടാളത്തിലെ ഒരു ശിപായി ഈ മാസം ൨൭-ാംനു- പീരങ്കിവെടി വെക്കുന്നതിനുള്ള ശ്രമങ്ങൾ ചെയ്തു വരികയിൽ യദൃശ്ചയാ എങ്ങിനെയൊ വെടിമരുന്നിനു തീപിടിക്കുകയും ആ അപകടത്തിൽ അകപ്പെട്ടു ടി-യാൻ മരിച്ചുപൊകയും ചെയ്തിരിക്കുന്നു.

❖ ❖ ❖

കെററായിൽനിന്നു ൩൦ മയിത്സ ഉത്തരഭാഗത്തായിട്ടു വാജാഅംറാൻ എന്നപൎവ്വതത്തിൽ കീൎത്തിപ്പെട്ട ഖാജാ തുരങ്ങു ഉണ്ടാക്കപ്പെട്ടിരിക്കുന്ന സ്ഥലത്തു പൎവ്വതത്തിനു ൩൯൦ാ ഫീററ ഉയരമുണ്ടു. ആ തുരങ്കത്തിനു ൧൨൭൦൦ ഫീററ നീളവും രണ്ടുതീവണ്ടിപ്പാത ഇടുവാൻ തക്ക വിസ്താരവും ഉള്ളതായി കേൾക്കുന്നു.

❖ ❖ ❖

കഴിഞ്ഞ കൊല്ലം ഈ ദിക്കുകളിൽ സഞ്ചരിച്ച ഡേവീഡ് എന്ന ക്രിസ്തുമത പ്രാസംഗികന്റെ ഉപദേശംകേട്ടു "മനസ്സുതിരിഞ്ഞിരിക്കുന്നു" എന്നുംപറഞ്ഞു അന്നുമുതൽ പ്രസംഗിച്ചു തന്നെ കാലക്ഷേപം ചെയ്തു വന്നവനും ഇവിടെ സമീപസ്ഥനുമായ വാലേൽ ചാണ്ടി എന്നു പേരായ ഒരു മാപ്പിള കഴിഞ്ഞ വൃശ്ചികം ൨൨-ാംനു- മുതൽ "ക്രിസ്തുവിനാൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എല്ലാവരും" അയാളുടെ ഭവനത്തിൽചെന്നു ചേൎന്നു ഏകയോഗക്ഷേമമായി ആനന്ദിച്ചിരിക്കേണ്ടതാണെന്നു ഒരു ദൎശനം കണ്ടിരിക്കുന്നുഎന്നും ഇതിൻവണ്ണം ഇതുവരെ ആരും വന്നു ചേൎന്നിട്ടില്ല എങ്കിലും വിവരം മനോരമയിൽ പ്രസ്താവിക്കണമെന്നും നിൎബ്ബന്ധമായി അപേക്ഷിച്ചിരിക്കുന്നു. മ. മ.

❖ ❖ ❖

നായ്ക്കളെക്കുറിച്ചു പല കഥകളും കേൾക്കാറുള്ളതിൽ ഒക്കയും ആശ്ചൎയ്യകരമായിട്ടുള്ള ഒരു വാസ്തവകഥ ഒരുപത്രത്തിൽ കാണുന്നു. ഒരാൾ എഴുത്തുകൾ തപാലിൽഇടാൻ പോകുന്ന സമയം പതിവായി തന്റെ നായെ കൂടെ കൊണ്ടുപോകയും തപാൽ പെട്ടിയുടെ മൂടിക ഉയൎത്തീട്ടു എഴുത്തുകൾ അതിലേക്കു ഇടാൻ അതിനെ ക്രമേണ ശീലിപ്പിക്കുകയും ചെയ്തതിന്റെ ശേഷം പതിവായി എഴുത്തുകൾ ഏല്പിച്ചു നായെതന്നെ അയച്ചു തുടങ്ങി. ഈ ക്രമത്തിൽ ഒരിക്കൽ ആറു എഴുത്തുകൾ ഒരുമിച്ചു ഏല്പിച്ചയച്ചാറെ അല്പ സമയം കഴിഞ്ഞപ്പോൾ പട്ടി ഒരെഴുത്തുംകൊണ്ടു തിരിച്ചു വരികയും നോക്കിയപ്പോൾ അതിനു തപാൽമുദ്ര ഒട്ടിച്ചിട്ടില്ലെന്നു കാണപ്പെടുകയും ചെയ്തുവത്രെ. ❖ ❖ ❖ മ. മ.

പല ദിക്കുകളിലും ക്ഷാമം വൎദ്ധിച്ചിരിക്കുന്ന ഈ കാലത്തു ബൊമ്പായിലുള്ള പല ധനികന്മാർ ധാന്യങ്ങൾ വാങ്ങിയ വിലയ്ക്കുതന്നെ വില്ക്കുവാൻ തക്ക ഏൎപ്പാടുകൾ ചെയ്തിരിക്കുന്നതു കൂടാതെ ഒരുധനികൻ വില കറവായിരുന്നകാലത്തു താൻ വാങ്ങിച്ചു ശേഖരിച്ചിരുന്ന ൨൨൦൦൦ ഉറുപ്പികയുടെ ധാന്യങ്ങൾ പൂനാ പട്ടണത്തിൽ കൊണ്ടുചെന്നു വാങ്ങിയ വിലയ്ക്കു തന്നെ വിററു വരുന്നു- തങ്ങളുടെ ആത്മത്തെക്കൂടി പണയപ്പെടുത്തിയാലും വിരോധമില്ല, ലാഭംമാത്രം കിട്ടണമെന്നുള്ള വ്രതത്തെ ഗാഢമായി അനുസരിച്ചുവരുന്നവരായ നമ്മുടെ ചില പ്രഭുക്കന്മാരും കച്ചവടക്കാരും ഇതുകേൾക്കുമ്പോൾ എന്തു വിചാരിക്കുമെന്നറിയുന്നില്ല.

പഞ്ചാംഗം

൧൦൯൭- [illegible] (മകരം)

[illegible]	ഇംഗ്ലീഷ്	മലയാളം	ആഴ്ച	വിശേഷദിവസങ്ങൾ
൧	൧൩	൨	ബു	
൨	൧൪	൩	വ്യാ	[illegible]
൩	൧൫	൪	വെ	
൪	൧൬	൫	ശ	
൫	൧൭	൬	ഞാ	[illegible]
൬	൧൮	൭	തി	
൭	൧൯	൮	ചൊ	
൮	൨൦	൯	ബു	[illegible]
൯	൨൧	൧൦	വ്യാ	
൧൦	൨൨	൧൧	വെ	
൧൧	൨൩	൧൨	ശ	
൧൨	൨൪	൧൩	ഞാ	[illegible]
൧൩	൨൫	൧൪	തി	
൧൪	൨൬	൧൫	ചൊ	[illegible]
൧൫	൨൭	൧൬	ബു	
൧൬	൨൮	൧൭	വ്യാ	[illegible]
൧൭	൨൯	൧൮	വെ	
൧൮	൩൦	൧൯	ശ	
൧൯	൩൧	൨൦	ഞാ	[illegible]
൨൦	൧	൨൧	തി	
൨൧	൨	൨൨	ചൊ	
൨൨	൩	൨൩	ബു	[illegible]
൨൩	൪	൨൪	വ്യാ	
൨൪	൫	൨൫	വെ	
൨൫	൬	൨൬	ശ	[illegible]
൨൬	൭	൨൭	ഞാ	
൨൭	൮	൨൮	തി	
൨൮	൯	൨൯	ചൊ	
൨൯	൧൦	൩൦	ബു	
൩൦	൧൧	൧	വ്യാ	
൩൧	൧൨	൨	വെ	

പത്രികവില വിവരം

	ബ്രിട്ടീഷ് രൂപാ	ചക്രം
ഒരു കൊല്ലത്തേക്കു	൧	[illegible]
ഒററ പ്രതിക്കു		[illegible]

പരസ്യക്കൂലി

ഒന്നാം പ്രാവശ്യത്തേക്കു വരി ഒന്നിനു	൦	[illegible]
പിന്നെ എല്ലാ പ്രാവശ്യങ്ങൾക്കും ടി	൦	[illegible]

NOTICE

പത്രിക സംബന്ധമായ സകല എഴുത്തുകളും മേലെഴുത്തും [illegible] വും കോട്ടയത്തു മാർത്തോമ്മാ അച്ചുക്കൂട്ടം മാനേജർക്കു മേൽവിലാസം വെച്ചു അയക്കേണ്ടതാകുന്നു.

പത്രിക കൈപ്പററുന്നവർ മുൻകൂറായി വരി അടെക്കേണ്ടതാകുന്നു. പത്രവരി അഞ്ചൽ സ്റ്റാമ്പായൊ ഹുണ്ടി സ്റ്റാമ്പായൊ അയ[illegible] മതിയാവും. എന്നാൽ രൂപാ ഒന്നുക്കു ഒരു അണ ഡിസ്കൌണ്ട് [illegible] വെച്ചു തരേണ്ടതാകുന്നു.

വിഷപ്പട്ടി വിഷത്തിനു ഒരു കൈകണ്ട ഔഷധം

വിഷപ്പട്ടി കടിച്ചാൽ ഏഴുദിവസത്തിനകം ഒരു ഗുളിക ഇള[illegible] റതിൽ സേവിച്ചു മൂന്നു ദിവസത്തെ പത്ഥ്യം എടുത്താൽ വിഷം [illegible] ന്നതാകുന്നു. ഗുളിക സേവിക്കേണ്ടും ക്രമവും പത്ഥ്യത്തിന്റെ വിവ[illegible] വും ഗുളികയോടു കൂടി കിട്ടുന്നതാകുന്നു. ഈ ഗുളികകൾ [illegible] തിനെ ഇപ്പോൾ സിമ്മനാരിയിൽ വരുത്തിയിട്ടുണ്ടു. ഗുളിക ഒന്നിനു വില ചക്രം ൧. മാത്രം. ആവശ്യമുള്ളവർ വാങ്ങിച്ചുകൊള്ളുവാ[illegible] ഇതിനാൽ തെര്യപ്പെടുത്തുന്നു.

പരസ്യം

വർത്തമാനം എത്തിച്ചുതരുവാൻ ഞങ്ങളുടെ വായനക്കാരിൽ ചി[illegible] ലർ വെക്കുന്ന ഉദാസീനതയെക്കുറിച്ചു പലപ്പോഴും ഓർപ്പിച്ചിട്ടുണ്ടല്ലൊ. [illegible] അതുകൊണ്ടു ഇവരിൽ ചിലർക്കു ഒരു ഇളക്കവും തട്ടുന്നതായി കാണുന്നി[illegible] ല്ല. ഞങ്ങൾക്കു ഉപേക്ഷിക്കാവുന്നതല്ല. അച്ചടിക്കാർക്കു ശമ്പളവും സാ[illegible] മാനങ്ങൾക്കു വിലയും ശരിയായി കൊടുത്താണ പത്രിക അച്ചടിച്ചു അ[illegible] യക്കുന്നതു. വീഴ്ചക്കാരായി കാണപ്പെടുന്നവർക്കു ഇനിമേൽ [illegible] പ്രകാരം മേ[illegible] ലിലും പിന്നാലെ അവരുടെമേൽ അന്യായവും ഉണ്ടാകുന്നതാണെന്നു ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. മ. ഇ. പ. മാനേജർ.

MAR THOMAS PRESS,

KOTTAYAM.